19
2025
ജൂലൈ
ശനി
കർക്കിടകം 3

NAUTICAL TIMES KERALA
The National Daily in Malayalam / English
നോട്ടിക്കൽ ടൈംസ് കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-6, Issue No.186 Page 4, Price: Rs. 2 പുസ്തകം-6 ലക്കം-186 പേജ് 4. വില 2.00 രൂപ




02 മലബാർ സിമൻറ്സിലെ ക്രമക്കേട്: പ്രതികൾ വിചാരണ നേരിടണമെന്നു കോടത

03 വ്യാജ വെളിച്ചെണ്ണ ഒഴിവാക്കാൻ വകുപ്പിന്റെ കർശന പരിശോധന

04 ബൃഹദ് നക്ഷത്രരൂപീകരണത്തിൽ അപൂർവ കാന്തിക സിഗ്നൽ കണ്ടെത്തി

# മറൈൻ ഫിഷറീസ് സെൻസസ്: രാജ്യവ്യാപക മത്സ്യഗ്രാമ വിവരസ്ഥിരീകരണം തുടങ്ങി

കൊച്ചി: അഞ്ചാമത് മറൈൻ ഫിഷറീസ് സെൻസസിന്റെ പ്രാരംഭ നടപടിയായി ഇന്ത്യയിലെ എല്ലാ മത്സ്യഗ്രാമങ്ങളിലെയും അടിസ്ഥാന വിവരങ്ങൾ നിജപ്പെടുത്തുന്നതിനുള്ള രാജ്യവ്യാപക ദൗത്യത്തിന് തുടക്കമായി. കേന്ദ്ര ഫിഷറീസ് വകുപ്പിന്റെ മേൽനോട്ടത്തിൽ കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനമാണ് (സിഎംഎഫ്ആർഐ) വിവരസ്ഥിരീരികരണം നടത്തുന്നത്.

മത്സ്യഗ്രാമങ്ങളുടെ പുതുക്കിയ വിവരങ്ങൾ ശേഖരിച്ച് നവംബർ-ഡിസംബർ മാസങ്ങളിൽ നടക്കുന്ന സമഗ്രമായ ഗാർഹികതല കണക്കെടുപ്പിന് അടിത്തറയൊരുക്കുകയാണ് ലക്ഷ്യം. സിഎംഎഫ്ആർഐ, ഫിഷറി സർവേ ഓഫ് ഇന്ത്യ എന്നിവയിലെ നൂറിൽപ്പരം ഉദ്യോഗസ്ഥർ,



അഞ്ചാമത് മറൈൻ ഫിഷറീസ് സെൻസസിന്റെ പ്രാരംഭ നടപടിയായി മത്സ്യഗ്രാമങ്ങളിലെ അടിസ്ഥാന വിവരങ്ങൾ നിജപ്പെടുത്തുന്ന ദൗത്യത്തിന്റെ മുമ്പം ഹാർബറിൽ നിന്നുള്ള ദൃശ്യം.

രാജ്യത്തെ മുഴുവൻ സമുദ്രമത്സ്യഗ്രാമങ്ങളും സന്ദർശിച്ച് കഴിഞ്ഞകാല ഡേറ്റ നിലവിലെ അവസ്ഥ വെച്ച് സ്ഥിരീകരിക്കും. ഗ്രാമങ്ങളുടെ അതിർത്തികൾ ജിയോടാഗ് ചെയ്യുകയും ഗാർഹികതല കണക്കെടുപ്പിന് പുതുക്കിയ വിവരങ്ങളുടെ രൂപരേഖ തയ്യാറാക്കുകയും ചെയ്യും.ഇതിനായി സിഎംഎഫ്ആർഐ വികസിപ്പിച്ച 'വ്യാസ്-നാവ്' എന്ന പ്രത്യേക ഓൺലൈൻ സംവിധാനമാണ് ഉപയോഗിക്കുന്നത്. പ്രധാനമന്ത്രി മത്സ്യ സമ്പദ യോജനക്ക് കീഴിലാണ് മറൈൻ സെൻസസ് നടക്കുന്നത്. സെൻസസ് നടപ്പാക്കുന്നതിനുള്ള നോഡൽ ഏജൻസിയാണ് സിഎംഎഫ്ആർഐ.തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായും സംസ്ഥാന ഫിഷറീസ് വകുപ്പുമായും സഹകരിച്ചാണ് രണ്ടാഴ്ച നീളുന്ന വിവരസ്ഥിരീകരണം നടക്കുന്നത്. ഇങ്ങനെ ലഭിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് നവംബറിൽ ആരംഭിക്കുന്ന പ്രധാന സെൻസസിന് ക്രമീകരണങ്ങൾ ആസൂത്രണം ചെയ്യുക. ശേഖരിക്കുന്ന വിവരങ്ങളുടെ സുരക്ഷ ഉറപ്പാക്കാൻ ഓൺലൈൻ സംവിധാനവും പ്രവർത്തനങ്ങളുടെ മേൽനോട്ടത്തിനായി ജില്ല-സംസ്ഥാന തലങ്ങളിൽ പ്രത്യേക നിരീക്ഷണ സംവിധാനവും ഒരുക്കിയിട്ടുണ്ട.നവംബറിൽ ആരംഭിക്കുന്ന ഗാർഹികതല കണക്കെടുപ്പ് വിജയകരമാക്കുന്നതിന് മത്സ്യഗ്രാമങ്ങളെ കുറിച്ചുള്ള ഏറ്റവും പുതിയതും കൃത്യവുമായ വിവരങ്ങൾ ഉൾപ്പെടുത്തിയുള്ള രൂപരേഖ അനിവാര്യമാണെന്ന് കേന്ദ്ര ഫിഷറീസ് വകുപ്പ് ജോയിന്റ് സെക്രട്ടറി നീതുകുമാരി പ്രസാദ് വ്യക്തമാക്കി.

വിവരസ്ഥീരീകരണത്തിനൊപ്പം, പ്രധാന സെൻസസ് പ്രവർത്തനങ്ങൾക്കുള്ള പ്രാദേശിക എന്യൂമറേറ്റർമാരെ കണ്ടെത്തുമെന്ന് സിഎംഎഫ്ആർഐ ഡയറക്ടർ ഡോ ഗ്രിൻസൺ ജോർജ് പറഞ്ഞു.മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ, സാമൂഹിക സാമ്പത്തിക നിലവാരം, ജീവനോപാധികൾ എന്നിവയെ കുറിച്ചുള്ള കൃത്യമായ വിവരങ്ങൾ ശേഖരിക്കുകയാണ് മറൈൻ സെൻസസിന്റെ ലക്ഷ്യം.

മത്സ്യത്തൊഴിലാളികളുടെ ജീവിതനിലവാരം മെച്ചപ്പെടുത്താനാവശ്യമായ ഫലപ്രദമായ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് ഈ വിവരങ്ങൾ അനിവാര്യമാണ്.

## ട്രാക്ടറിൽ പോയത് കാൽവേദന മൂലം: പോലീസ് മേധാവിക്ക് വിശദീകരണം നല്കി എഡിജിപി

തിരുവനന്തപുരം: എഡിജിപി. എം. ആർ. അജിത്കുമാറിന്റെ വിവാദമായ ശബരിമലയിലേക്കുള്ള ട്രാക്ടർ യാത്ര, സംസ്ഥാന പോലീസ് മേധാവിക്ക് അജിത്ത് കുമാർ വിശദീകരണം നൽകി. ശബരിമലയിലേക്ക് പോകവെ തനിക്ക് കാൽ വേദനിച്ചത് കൊണ്ടാണ് ട്രാക്ടറിൽ യാത്ര ചെയ്തതെന്നാണ് എഡിജിപി. അജിത്ത് കുമാർ സംസ്ഥാന പോലീസ് മേധാവി റവാഡ ചന്ദ്രശേഖറിന് വിശദീകരണം നൽകിയത്.

അജിത്കുമാറും രണ്ട് സഹായികളും ട്രാക്ടറിൽ പോകുന്നതിന്റെ സിസിടിവി ദൃശ്യങ്ങൾ പുറത്ത് വരികയും ഹൈക്കോടതി ഈ വിഷയത്തിൽ റിപ്പോർട്ട് തേടുകയും ചെയ്തിരുന്നു. വിഷയം കോടതിയിലെത്തിയതിനെത്തുടർന്ന് പമ്പ പോലീസ് ട്രാക്ടർ ഡ്രൈവറെ മാത്രം പ്രതിയാക്കി എഫ്ഐആർ രജിസ്റ്റർ ചെയ്തിരുന്നു.

എഡിജിപിയുടെയും സഹായികളെയും കേസിൽ പ്രതി ചേർത്തില്ല. ഈ നടപടിയ്ക്കെതിരേ കഴിഞ്ഞ ദിവസം മുതൽ പോലീസ് സേനയ്ക്കുള്ളിൽ അമർഷം പുകയുകയാണ്. പത്തനംതിട്ട എസ്പിയുടെ പമ്പ എസ്എച്ച്ഒയുടെയും അറിവോടെയും ഒത്താശയോടെയുമാണ് ഹൈക്കോടതി വിധി ലംഘിച്ചുള്ള എഡിജിപി യുടെ ട്രാക്ടർ യാത്രയെന്നാണ് ആരോപണം ഉയരുന്നത്.

## മിഥുന്റെ മരണം; സ്കൂൾ മാനേജ്മെൻറിന് കാരണം കാണിക്കൽ നോട്ടീസ് നൽകുമെന്ന് മന്ത്രി

തിരുവനന്തപുരം: തേലവക്കര സ്കൂൾ വിദ്യാർഥി മിഥുൻ ഷോക്കേറ്റ് മരിച്ച സംഭവത്തിൽ സ്കൂൾ മാനേജ്മെൻറിന് കാരണം കാണിക്കൽ നോട്ടീസ് നൽകുമെന്ന് വിദ്യാഭ്യാസമന്ത്രി വി. ശിവൻകുട്ടി. മൂന്ന് ദിവസത്തിനുള്ളിൽ വിശദീകരണം നൽകണമെന്ന് ആവശ്യപ്പെടുമെന്നും മന്ത്രി അറിയിച്ചു. വിഷയത്തെക്കുറിച്ച് വിശദമായ റിപ്പോർട്ട് ലഭിച്ചു. പ്രധാനാധ്യാപികയെ സസ്പെൻഡ് ചെയ്യണമെന്ന് മാനേജ്മെൻറിന് നിർദേശം നൽകിയിട്ടുണ്ട്. മാനേജ്മെൻറ് നടപടി എടുത്തില്ലെങ്കിൽ സർക്കാർ നടപടി എടുക്കുമെന്നും മന്ത്രി പറഞ്ഞു.

സ്കൂൾ മാനേജ്മെൻറിന് എതിരെ നടപടി എടുക്കാൻ പൊതുവിദ്യാഭ്യാസ വകുപ്പിന് അധികാരമുണ്ട്. ആവശ്യമെങ്കിൽ സ്കൂൾ തന്നെ സർക്കാരിന് ഏറ്റെടുക്കാം. വീഴ്ച ഉണ്ടെന്നു കണ്ടാൽ നോട്ടിസ് നൽകി പുതിയ മാനേജരെ നിയമിക്കാം. സർക്കാർ നിർദേശങ്ങൾ പാലിച്ചില്ലെങ്കിൽ സ്കൂളിന്റെ അംഗീകാരം തിരിച്ചെടുക്കാൻ കഴിയുമെന്നും മന്ത്രി വ്യക്തമാക്കി. മരിച്ച മിഥുന്റെ കുടുംബത്തിന് സ്കൗട്ട്സ് ആൻഡ് ഗൈഡ്സ് മുഖേന വീടു നിർമിച്ചു നൽകും. ഇളയ കുട്ടിയുടെ പന്ത്രണ്ടാം ക്ലാസ് വരെയുള്ള ഫീസ് ഉൾപ്പെടെ ഒഴിവാക്കി ഉത്തരവിറക്കും. മിഥുന്റെ കുടുംബത്തിന് വിദ്യാഭ്യാസവകുപ്പ് മൂന്നു ലക്ഷം രൂപ സഹായം നൽകും. മുഖ്യമന്ത്രി എത്തിയ ശേഷം തുടർസഹായം സംബന്ധിച്ച് ചർച്ച നടത്തുമെന്നും മന്ത്രി കൂട്ടിച്ചേർത്തു.


## വിദ്യാഭ്യാസ അറിയിപ്പ്
## അനിമേഷൻ കോഴ്സിന് ഒഴിവുള്ള സീറ്റിലേക്കുള്ള അഡ്മിഷൻ തുടരുന്നു

തിരുവനന്തപുരത്തെ വിസ്മയാസ് മാക്സ് അനിമേഷൻസിൽ ആ.ടര അനിമേഷൻ വിഷൽ എഫക്ട്സ് കോഴ്സിന് ഒഴിവുള്ള ഏതാനും സീറ്റിലേക്കുള്ള അഡ്മിഷൻ തുടരുന്നു. കേന്ദ്ര സർക്കാരിൻറെ മീഡിയ ആൻഡ് എൻറർടൈൻമെൻറ് വിഭാഗത്തിൻറെ അംഗീകാരമായ 'സെൻറർ ഓഫ് എക്സലൻസ്' പദവിയുള്ള വിസ്മയാസ്മാക്സിൻറെ തിരുവനന്തപുരത്തെ കാമ്പസിൽ മൂന്നു വർഷത്തെ അന്താരാഷ്ട്ര സിലബസിലുള്ള പരിശീലനത്തിന് ഹോസ്റ്റൽ സൗകര്യവും മികച്ച പ്രൊഡക്ഷൻ ഇൻറേൺഷിപ്പ് ട്രെയിനിംഗും വിദ്യാഭ്യസവായ്പാ സൗകര്യവുമുണ്ട്. NSDC അംഗീകാരം കൂടിയുള്ള ഈ കോഴ്സിൽ ചേരുവാനായി ബന്ധപ്പെടേണ്ട ഫോൺ നമ്പർ 8281702020, 0471 2727456 .ഓൺലൈൻ ആപ്ലിക്കേഷൻ ഫോമിനായി വെബ്സൈറ്റ് സന്ദർശിക്കുക.


## നഷ്ടപ്പെട്ടത് കേരളത്തിന്റെ മകനെ; കർശന നടപടി സ്വീകരിക്കും: മന്ത്രി

കൊല്ലം തേവലക്കര ബോയ്സ് ഹൈസ്ക്കൂളിലെ വിദ്യാർത്ഥി മിഥുൻ ഷോക്കേറ്റ് മരിച്ച സംഭവത്തിൽ കർശന നടപടി കൈക്കൊള്ളുമെന്ന് പൊതുവിദ്യാഭ്യാസ മന്ത്രി വി. ശിവൻകുട്ടി വാർത്താസമ്മേളനത്തിൽ പറഞ്ഞു. നഷ്ടമായത് കേരളത്തിന്റെ മകനെയാണ്. അത് ഉൾക്കൊണ്ടാണ് നടപടി സ്വീകരിക്കുകയെന്നും മന്ത്രി പറഞ്ഞു.

പ്രധാനാധ്യാപികയെ അടിയന്തരമായി സസ്പെൻഡ് ചെയ്യണമെന്ന് സ്കൂൾ മാനേജ്മെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. മാനേജ്മെന്റ് നടപടി സ്വീകരിച്ചില്ലെങ്കിൽ സർക്കാർ നടപടിയിലേക്ക് പോകും. സ്കൂൾ മാനേജ്മെന്റിന് നോട്ടീസ് നൽകും. മൂന്നു ദിവസത്തിനകം മറുപടി നൽകണം. സ്കൂൾ ചുമതലയുള്ള എ. ഇ. ഒയിൽ നിന്ന് വിശദീകരണം തേടും. കുട്ടിയുടെ കുടുംബത്തിന് സഹായം ലഭ്യമാക്കുന്നത് മാനേജ്മെന്റ് പരിഗണിക്കണമെന്ന് മന്ത്രി പറഞ്ഞു.സ്കൗട്ട്സ് ആന്റ് ഗൈഡ്സ് മുഖേന മിഥുന്റെ കുടുംബത്തിന് വിദ്യാഭ്യാസ വകുപ്പ് വീട് വച്ചു നൽകും. മിഥുന്റെ സഹോദരന് പ്ളസ് ടു വരെ പരീക്ഷാ ഫീസ് ഉൾപ്പെടെ ഒഴിവാക്കി നൽകാൻ ഉത്തരവ് നൽകും.

മിഥുന്റെ കുടുംബത്തിന് മൂന്നു ലക്ഷം രൂപ അടിയന്തര സഹായം നൽകും. മുഖ്യമന്ത്രിയുമായി ആലോചിച്ച് കൂടുതൽ സഹായം ലഭ്യമാക്കും. സ്കൂൾ പി. ടി. എ പുനസംഘടിപ്പിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. തദ്ദേശവകുപ്പിന്റെ നിലപാട് പരിശോധിക്കണമെന്ന് വകുപ്പ് മന്ത്രിയെ അറിയിക്കുമെന്ന് അദ്ദേഹം പറഞ്ഞു.അപകടവുമായി ബന്ധപ്പെട്ട കാര്യങ്ങൾ പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി, ഡയറക്ടർ എന്നിവരുമായി മന്ത്രി ചർച്ച ചെയ്തു. സ്കൂളുകളുടെ സുരക്ഷയുമായി ബന്ധപ്പെട്ട് മെയ് 13ന് വിശദമായ സർക്കുലർ പുറപ്പെടുവിച്ചിരുന്നു. ഇതിൽ വൈദ്യുതി ലൈൻ, വേലിയില്ലാത്ത ട്രാൻസ്ഫോർമർ, പോസ്റ്റ്, സ്റ്റേവയർ എന്നിവയുമായി ബന്ധപ്പെട്ട് കൃത്യമായ നിർദ്ദേശമുണ്ടായിരുന്നതായി മന്ത്രി പറഞ്ഞു.

## ലക്ഷം കവിഞ്ഞ് കെ എസ് ആർ ടി സി ട്രാവൽ കാർഡും ചലോ ആപ്പും

കെ എസ് ആർ ടി സിയുടെ നൂതന സേവന സംവിധാനങ്ങളെ ഏറ്റെടുത്ത് പൊതു സമൂഹം. യാത്രകൾ കൂടുതൽ സുഗമമാക്കാനും ചില്ലറയുടെ പ്രശ്നങ്ങൾ ഒഴിവാക്കാനും സഹായിക്കുന്ന കെ എസ് ആർ ടി സി ട്രാവൽ കാർഡ് ആരംഭിച്ച് ദിവസങ്ങൾക്കുള്ളിൽ സ്വന്തമാക്കിയത് 100961 പേർ. കാർഡിന് അപേക്ഷിച്ചിരിക്കുന്നവരുടെ എണ്ണം അധികരിച്ചതിനാൽ 5 ലക്ഷത്തോളം ട്രാവൽ കാർഡുകളാണ് കെ എസ് ആർ ടി സി ഉടൻ എത്തിക്കുന്നത്.73281 വിദ്യാർത്ഥികളും സ്മാർട്ട് ഓൺലൈൻ കൺസഷൻ കാർഡിന് അപേക്ഷിച്ചിട്ടുണ്ട്. ഇത് ട്രാവൽ കാർഡ് പോലെ സ്മാർട്ട് കാർഡു രൂപത്തിൽ വിദ്യാർത്ഥികളുടെ കൈകളിൽ ലഭ്യമാക്കുന്നതിന്റെ അവസാനഘട്ട തയ്യാറെടുപ്പിലാണ് അധികൃതർ. കെ എസ് ആർ ടി സിയുടെ യാത്രാ ലൊക്കേഷൻ അറിയാൻ സഹായിക്കുന്ന ചലോ ആപ്പ് ഒരു ലക്ഷത്തി ഇരുപതിനായിരത്തിലധികം പേരാണ് ഇതിനകം ഡൗൺലോഡ് ചെയ്തത്. പണം കൈവശമില്ലാത്തപ്പോഴും ട്രാവൽ കാർഡ് ഉപയോഗിച്ച് യാത്ര ചെയ്യാനാകുമെന്നത് യാത്രികർക്ക് ആശ്വാസമാണ്. 100 രൂപയാണ് ചാർജ്. കാർഡ് ലഭിച്ച ശേഷം റീചാർജ് ചെയ്ത് ഉപയോഗിക്കാം. ഒരു വർഷമാണ് ഒരു കാർഡിന്റെ കാലാവധി. കാർഡ് മറ്റൊരാൾക്ക് കൈമാറുന്നതിനും തടസമില്ല. വീട്ടിലുള്ള മറ്റുള്ളവർക്കും സുഹൃത്തുക്കൾക്കും ഉപയോഗിക്കാം. കാർഡ് പ്രവർത്തിക്കാതെയായാൽ തൊട്ടടുത്ത കെ. എസ്. ആർ. ടി. സി സ്റ്റാൻഡിലെത്തി അപേക്ഷ നൽകിയാൽ മതി. അഞ്ച് ദിവസത്തിൽ പുതിയ കാർഡ് ലഭിക്കും. പഴയ കാർഡിലുണ്ടായിരുന്ന തുക പുതിയതിൽ ലഭിക്കുകയും ചെയ്യും. എന്നാൽ കാർഡിന് കേടുപാട് സംഭവിച്ചാൽ പകരം കാർഡ് ലഭിക്കില്ല.

കുറഞ്ഞത് 50 രൂപയ്ക്കും പരമാവധി 3000 രൂപയ്ക്കും കാർഡ് ചാർജ് ചെയ്യാം. 1000 രൂപ ചാർജ് ചെയ്താൽ 40 രൂപയും, 2000 രൂപ ചാർജ് ചെയ്താൽ 100 രൂപയും അധികമായി കാർഡിൽ ക്രെഡിറ്റ് ആകും. ഇത് യാത്രക്കാർക്ക് കൂടുതൽ ലാഭകരമാണ്.വിദ്യാർത്ഥികൾക്കുള്ള കാർഡുകളിൽ റൂട്ട് വിവരങ്ങളും യാത്രാ ദിവസങ്ങളുടെ എണ്ണവും രേഖപ്പെടുത്താൻ സാധിക്കും. കണ്ടക്ടർമാർക്ക് ടിക്കറ്റിംഗ് മെഷീനിൽ കാർഡ് സ്കാൻ ചെയ്ത് പരിശോധിക്കാം. ഒന്നാം ക്ലാസ് മുതൽ കോളേജ് തലം വരെയുള്ള വിദ്യാർത്ഥികൾക്ക് ഈ സൗകര്യം ലഭ്യമാണ്. ഈ കാർഡ് ഉപയോഗിച്ച് വിദ്യാർത്ഥികൾക്ക് ഒരു മാസത്തിൽ 25 ദിവസങ്ങൾ നിർദിഷ്ട റൂട്ടുകളിലും ഒന്നിലധികം റൂട്ടുകളിലുമായി യാത്ര ചെയ്യാൻ സാധിക്കും.

കാലാവധി കഴിഞ്ഞാൽ കാർഡ് കണ്ടക്ടറുടെ കൈവശം ഏൽപ്പിച്ച് പുതുക്കാം. പ്ലസ് വൺ വിദ്യാർത്ഥികൾക്ക് രണ്ട് വർഷത്തേക്കുള്ള കാർഡിനാണ് അർഹത. www.concessionksrtc.com എന്ന വെബ്സൈറ്റ് മുഖേനയും കെ എസ് ആർടിസി കൺസഷൻ മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിച്ചും വിദ്യാർത്ഥികൾക്ക് അപേക്ഷിക്കാനും ആവശ്യമായ രേഖകൾ അപ്ലോഡ് ചെയ്യാനും ആനുപാതികമായ തുക ഓൺലൈൻ വഴി അടയ്ക്കാനും സാധിക്കും.




# ചേരപ്പെരുമാളായ കോതരവിയുടെ ശിലാലിഖിതം കണ്ടെത്തി

മഹോദയപുരം (കൊടുങ്ങല്ലൂർ) കേന്ദ്രമാക്കി 9-ാം നൂറ്റാണ്ടു മുതൽ 12-ാം നൂറ്റാണ്ടു വരെ ഭരണം നടത്തിയിരുന്ന ചേരപ്പെരുമാക്കന്മാരിൽ മൂന്നാമനായ കോതരവിപ്പെരുമാളുടെ ഒരു ശിലാലിഖിതം കൂടി കണ്ടെത്തി. മലപ്പുറം ജില്ലയിലെ മഞ്ചേരിക്കടുത്തുള്ള തൃക്കലങ്ങോട് മേലേടത്ത് മഹാശിവ - വേട്ടക്കൊരുമകൻ ക്ഷേത്രത്തിൽ നിന്നാണ് കല്ലെഴുത്ത് കണ്ടു കിട്ടിയത്. മഹാശിവക്ഷേത്രത്തിന്റെ വട്ടശ്രീകോവിലിനു മുമ്പിൽ, മുറ്റത്ത്, പ്രദക്ഷിണ വഴിയിൽ പാകിയ കല്ലിലാണ് ഈ രേഖയുള്ളത്. പ്രദക്ഷിണ വഴിയിൽ പതിച്ചതിനാൽ അക്ഷരങ്ങൾ ഏറെയും തേഞ്ഞു മാഞ്ഞ നിലയിലാണ്. സ്വസ്തി ശ്രീ എന്ന മംഗള വചനത്തോടെ ആരംഭിക്കുന്ന ലിഖിതത്തിൽ പെരുമാളിന്റെ പേര് കൃത്യമായി വായിച്ചെടുക്കാമെങ്കിലും ഭരണവർഷം സൂചിപ്പിക്കുന്ന ഭാഗം അവ്യക്തമാണ്. കോതരവിപ്പെരുമാളിന്റെ ഭരണകാലത്ത് ക്ഷേത്രത്തിൽ ചെയ്ത ഏതോ വ്യവസ്ഥയാണ് ലിഖിതപരാമർശം. ഇത് വിലക്കുകയോ കവരുകയോ ചെയ്യുന്ന ഊരാളൻ മൂഴിക്കള വ്യവസ്ഥ ലംഘിച്ചവരാകും എന്ന് കല്ലിന്റെ താഴേ ഭാഗത്ത് വ്യക്തമായി വായിച്ചെടുക്കാനാകും. കേരള പുരാവസ്തു വകുപ്പിനു കീഴിലുള്ള കോഴിക്കോട് പഴശ്ശിരാജാ മ്യൂസിയം ഓഫീസറായ കെ. കൃഷ്ണരാജാണ് ലിഖിതം തിരിച്ചറിഞ്ഞ് മുദ്രപ്പകർപ്പ് തയ്യാറാക്കിയത്. അക്ഷരങ്ങൾ തേഞ്ഞുമാഞ്ഞു പോയതിനാൽ കൃത്യവും പൂർണ്ണവുമായ പാഠം തയ്യാറാക്കാൻ നന്നേ ഞെരുക്കമാണെന്നും പെരുമാൾ രേഖകളിൽ കാണുന്ന പതിവു കാര്യങ്ങളൊക്കെത്തന്നെയാണ് ഈ രേഖയിലുള്ളതെന്ന് തെളിവുള്ള വരികളെ ആധാരമാക്കി പറയാമെന്നും ലിഖിതം പരിശോധിച്ച പ്രമുഖ ലിപിപണ്ഡിതൻ ഡോ. എം. ആർ. രാഘവവാരിയർ അഭിപ്രായപ്പെട്ടു. കോതരവിപ്പെരുമാളിന്റേതായി 10 ലിഖിതങ്ങളാണ് മുമ്പ് കണ്ടെത്തിയിട്ടുള്ളത്. പതിനൊന്നാമത്തേതാണ് തൃക്കലങ്ങോടു നിന്ന് കൈവന്ന ഈ രേഖയെന്നും അദ്ദേഹം പറഞ്ഞു.

കോത രവിയുടെ പതിനഞ്ചാം വർഷത്തിലെ ചോക്കൂർ ലിഖിതത്തിലാണ് മൂഴിക്കളവ്യവസ്ഥ ആദ്യം പരാമർശിക്കുന്നത്. തൃക്കലങ്ങോട് ലിഖിതം അതിനു മുമ്പാണെങ്കിൽ മൂഴിക്കളക്കച്ചം പരാമർശിക്കുന്ന ആദ്യത്തെ രേഖ ഇതായിരിക്കുമെന്ന് പ്രശസ്ത ചരിത്രകാരനായ ഡോ. കേശവൻ വെളുത്താട്ട് അഭിപ്രായപ്പെട്ടു. ഭരണ വർഷം വ്യക്തമല്ലാത്തതിനാൽ ഇക്കാര്യത്തിൽ തീർപ്പുകല്പിക്കുക സാധ്യമല്ലെന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം.

പുരാവസ്തു വകുപ്പിലെ എക്സ്കവേഷൻ അസിസ്റ്റന്റ് വിമൽകുമാർ വി.എ., ക്ഷേത്ര ക്ഷേമ സമിതിയുടെ സെക്രട്ടറിയായ ദീപേഷ് മേലേടത്ത്, മുഖ്യ രക്ഷാധികാരികളായ മോഹൻലാൽ, ജയപ്രകാശ് ബാബു, പ്രസിഡന്റ് സജീവ് കുമാർ ക്ഷേത്ര തന്ത്രി കക്കാട്ടില്ലത്ത് സുബ്രഹ്മണ്യൻ നമ്പൂതിരി, കഴകം ജീവനക്കാരനായ കേശവൻ നമ്പീശൻ എന്നിവരും പരിശോധനാവേളയിൽ സന്നിഹിതരായിരുന്നു.




പട്ടികവർഗ്ഗ വികസന വകുപ്പിന്റെ സുവർണ്ണ ജൂബിലി വർഷത്തിന്റെ സംഘാടക സമിതി യോഗം മന്ത്രി ഒ ആർ കേളു ഉദ്ഘാടനം ചെയ്യുന്നു

# പട്ടികവർഗ വികസന വകുപ്പിന്റെ സുവർണ്ണ ജൂബിലി ആഘോഷം 27ന് തുടങ്ങും

പട്ടികവർഗ വികസന വകുപ്പിന്റെ സുവർണ്ണ ജൂബിലി ആഘോഷങ്ങളുടെ തുടക്കമായി ജൂലൈ 27 ന് കേരളമെമ്പാടും ഊരുൽസവം നടത്തും. അടിമാലി കട്ടമുടിയിലെ ഊരുൽസവത്തിൽ വൈകിട്ട് നാലിന് പട്ടികവർഗ വികസന വകുപ്പ് മന്ത്രി ഒ ആർ കേളു പങ്കെടുക്കും. തനത് കലാപരിപാടികൾ, മുതിർന്നവരെ ആദരിക്കൽ, ഉന്നതികളുടെ വികസന വിഷയങ്ങളിൽ ചർച്ച തുടങ്ങി വിവിധ പരിപാടികൾ ഊരുൽസവത്തിന്റെ ഭാഗമായി നടത്തും. സുവർണ്ണ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി ഒരു വർഷം നീളുന്ന പരിപാടികളാണ് സർക്കാർ സംഘടിപ്പിക്കുന്നത്.ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി നടന്ന സംഘാടക സമിതി യോഗത്തിൽ മന്ത്രി ഒ ആർ കേളു അധ്യക്ഷനായി. കെ ആൻസലൻ എം എൽ എ, തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് ഡി സുരേഷ്കുമാർ, ജില്ലാ കലക്ടർ അനുകുമാരി, ഡയറക്ടർ രേണുരാജ് തുടങ്ങിയവർ പങ്കെടുത്തു.

# മലബാർ സിമൻറ്സിലെ ക്രമക്കേട്: പ്രതികൾ വിചാരണ നേരിടണമെന്നു കോടതി

കൊച്ചി: മലബാർ സിമൻറ്സിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട വിജിലൻസ് കേസുകളിലെ പ്രതികൾ വിചാരണ നേരിടണമെന്നു ഹൈക്കോടതി. മലബാർ സിമൻറ്സ് മാനേജിംഗ് ഡയറക്ടറായിരുന്ന എം. സുന്ദരമൂർത്തി, ലീഗൽ ഓഫീസർ പ്രകാശ് ജോസഫ് എന്നിവർ നൽകിയ ഹർജി ജസ്റ്റീസ് എ. ബദറുദ്ദീൻ തള്ളി.

അസംസ്കൃത വസ്തുവായ ചുണ്ണാമ്പുകല്ല്, ഫ്ലൈ ആഷ് വിതരണക്കരാറുമായി ബന്ധപ്പെട്ട വിജിലൻസിന്റെ കുറ്റപത്രം റദ്ദാക്കണമെന്നാവശ്യപ്പെട്ടായിരുന്നു ഹർജി. ഫ്ലൈ ആഷ് കരാറെടുത്തിരുന്ന സ്വകാര്യ കമ്പനിയായ എ. ആർ. കെ വുഡ് ആൻഡ് മെറ്റൽസ് എംഡി വി. എം. രാധാകൃഷ്ണൻ, എക്സിക്യൂട്ടീവ് ഡയറക്ടർ വടിവേൽ എന്നിവരാണു കേസിലെ മറ്റു പ്രതികൾ. കേസിലെ വിചാരണ നടപടികൾക്കെതിരേ നിലനിന്നിരുന്ന സ്റ്റേ പിൻവലിച്ച കോടതി മൂന്നു മാസത്തിനകം വിചാരണ പൂർത്തിയാക്കാനും ഉത്തരവിട്ടു. ഫ്ലൈ ആഷ് വിതരണ കരാർപ്രകാരം 50 ലക്ഷം രൂപയുടെ ബാങ്ക് ഗാരൻറി സ്വകാര്യ കമ്പനി മലബാർ സിമൻറ്സിനു നൽകിയിരുന്നു. എന്നാൽ കരാർ പിന്നീട് റദ്ദായി. കരാർ റദ്ദാകുന്ന സാഹചര്യത്തിൽ മൂന്നു മാസത്തെ നോട്ടീസ് കാലാവധിക്കുശേഷം ഗാരൻറി തുക തിരികെ നൽകിയാൽ മതിയെന്നാണു വ്യവസ്ഥ. എന്നാൽ സ്വകാര്യ കമ്പനി ഏകപക്ഷീയമായി വിതരണം നിർത്തിയ ശേഷം തുക ബാങ്കിൽനിന്ന് അനധികൃതമായി കൈപ്പറ്റുകയായിരുന്നു. തുക അനുവദിച്ചതിൽ പ്രതികളായ നാലുപേരുടെയും ഗൂഢാലോചനയുണ്ടെന്നാണു വിജിലൻസ് കേസ്. കക്ഷികൾ തമ്മിൽ തർക്കമുണ്ടായാൽ തൂത്തുക്കുടിയിലെ കോടതിയെ സമീപിക്കണമെന്ന വ്യവസ്ഥയും ലംഘിച്ചിരുന്നു. പകരം പാലക്കാട് ജില്ലാ കോടതിയിൽ കേസ് കൊടുത്തതും സ്വകാര്യ കമ്പനിക്ക് അനുകൂലമായെന്നായിരുന്നു വിജിലൻസ് വാദം. കരാർ റദ്ദാക്കിയതിലൂടെ മലബാർ സിമൻറ്സിന് 52.45 ലക്ഷം രൂപയുടെ നഷ്ടമുണ്ടായെന്നു മാത്രമല്ല ബാങ്ക് ഗാരൻറിയായ 50 ലക്ഷം രൂപ മാനദണ്ഡം പാലിക്കാതെ മടക്കിനൽകുകയും ചെയ്തിരുന്നു.

# സംസ്ഥാനതല ഉന്നതവിദ്യാഭ്യാസ അലുമ്നി കോൺക്ലേവ് ആഗസ്റ്റ് 30ന്

കേരളത്തെ ആഗോള വിദ്യാഭ്യാസ ഹബ്ബായി ഉയർത്തുന്നതിനുള്ള സമഗ്ര പ്രയത്നത്തിന്റെ ഭാഗമായി സർക്കാർ സംസ്ഥാനതല അലുമ്നി കോൺക്ലേവ് സംഘടിപ്പിക്കുന്നു. ആഗസ്റ്റ് 30-ന് തിരുവനന്തപുരത്ത് ടാഗോർ ഹാളിൽ നടക്കുന്ന കോൺക്ലേവ് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യുമെന്ന് ഉന്നതവിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ. ആർ. ബിന്ദു വാർത്താസമ്മേളനത്തിൽ അറിയിച്ചു.

കേരളത്തിലെ വിവിധ സർവ്വകലാശാലകളിൽ നിന്നും കോളേജുകളിൽ നിന്നും പഠിച്ചിറങ്ങിയ ശ്രദ്ധേയരായ പൂർവ്വവിദ്യാർത്ഥികൾ, വിവിധ മേഖലകളിലെ വിദഗ്ദ്ധർ, നയരൂപീകരണ രംഗത്തും നിക്ഷേപമേഖലയിലുമുള്ള പ്രഗത്ഭർ എന്നിവർ കോൺക്ലേവിൽ പങ്കെടുക്കും. മുഴുവൻ വിദ്യാഭ്യാസ മേഖലയുടെയും ദീർഘകാല ദിശയും വികസന പ്രവർത്തനരേഖകളും ആസൂത്രണം ചെയ്യുന്ന വേദിയായി ഇത് മാറും.

സംസ്ഥാനത്തെ പൂർവ്വ വിദ്യാർത്ഥി ശൃംഖലകളുടെ ശക്തിയും പങ്കാളിത്തവും പ്രയോജനപ്പെടുത്തി ഉന്നത വിദ്യാഭ്യാസ മേഖലയെ കൂടുതൽ ശക്തിപ്പെടുത്തുക, കേരളത്തെ ആഗോള വിദ്യാഭ്യാസ ഹബ്ബാക്കി മാറ്റുന്നതിൽ ആസൂത്രണതലം മുതൽ പൂർവ്വവിദ്യാർത്ഥി പങ്കാളിത്തം ഉറപ്പാക്കുക, വിദ്യാർത്ഥികൾക്ക് മെന്ററിംഗ്, ഇന്റേൺഷിപ്പ്, ഗവേഷണത്തിനും തൊഴിലിനുമുള്ള അവസരങ്ങൾ എന്നിവയുടെ സാധ്യതകൾ ചർച്ച ചെയ്യുക, രാജ്യത്തുടനീളമുള്ളതും അന്താരാഷ്ട്രതലത്തിലുമുള്ള ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുമായും വ്യവസായ സ്ഥാപനങ്ങളുമായും സംയുക്ത പ്രവർത്തന സാധ്യതകൾ ആലോചിക്കുക, സ്ഥാപനങ്ങളുടെ വികസനത്തിനുള്ള ധനസഹായം, സ്കോളർഷിപ്പുകൾ തുടങ്ങിയ കാര്യങ്ങളിൽ പൂർവ്വവിദ്യാർത്ഥികളുടെ പങ്കാളിത്തം പ്രോത്സാഹിപ്പിക്കുക എന്നിവയാണ് കോൺക്ലേവിന്റെ പ്രധാന ലക്ഷ്യം.

കോൺക്ലേവിന്റെ വിജയകരമായ നടത്തിപ്പിനായി കോളേജുകളും സർവ്വകലാശാലകളും സമഗ്രമായ പൂർവ്വവിദ്യാർത്ഥി ഡാറ്റാബേസ് രൂപീകരിക്കുകയും ആഗസ്റ്റ് 15-ന് മുൻപായി സ്ഥാപനതല അലുമ്നി സംഗമങ്ങൾ നടത്തുകയും ചെയ്യും.

അക്കാദമിക്, മാധ്യമം, കല, രാഷ്ട്രീയം, ബിസിനസ്സ്, പ്രവാസി, വ്യവസായം തുടങ്ങിയ വിവിധ മേഖലകളിൽ ശ്രദ്ധേയ സംഭാവന നൽകിയ കുറഞ്ഞത് രണ്ട് പൂർവ്വവിദ്യാർത്ഥികളെ സ്ഥാപനതലത്തിൽ തിരഞ്ഞെടുക്കും. കൂടാതെ, ഓരോ സ്ഥാപനത്തിലും ഒരു അലുമ്നി സെൽ രൂപീകരിച്ച് ഒരു സീനിയർ അധ്യാപകനെ കോ-ഓർഡിനേറ്ററായി നിയമിക്കും. നിലവിലുള്ള പൂർവ്വവിദ്യാർത്ഥി സംഘടനകളുടെ ഏകോപനം, പൂർവ്വവിദ്യാർത്ഥികളെ പങ്കാളികളാക്കിയുള്ള സെമിനാറുകളും ചർച്ചകളും സംഘടിപ്പിക്കുക, സംഭാവനകൾ കൈകാര്യം ചെയ്യുന്നതിനുള്ള സുതാര്യ സംവിധാനങ്ങൾ ഏർപ്പെടുത്തുക തുടങ്ങിയ ചുമതലകൾ അലുമ്നി സെല്ലുകൾ നടപ്പിലാക്കും.

കൊച്ചി യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻഡ് ടെക്നോളജിയിൽ ജനുവരിയിൽ നടന്ന 'ഷെയ്പ്പിങ് കേരളാസ് ഫ്യൂച്ചർ: ഇന്റർനാഷണൽ കോൺക്ലേവ് ഓൺ നെക്സ്റ്റ്-ജെൻ ഹയർ എഡ്യൂക്കേഷൻ' പരിപാടിയിലെ പ്രധാന തീരുമാനങ്ങളുടെ ഭാഗമായാണ് അലുമ്നി കോൺക്ലേവ് സംഘടിപ്പിക്കുന്നത്. കോളേജ് വിദ്യാഭ്യാസ വകുപ്പ്, സാങ്കേതികവിദ്യാഭ്യാസ വകുപ്പ്, ഐ.എച്ച്.ആർ.ഡി., എൽ.ബി.എസ്., ഉന്നതവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സർവ്വകലാശാലകൾ എന്നിവ സംയുക്തമായാണ് കോൺക്ലേവ് സംഘടിപ്പിക്കുന്നതെന്ന് മന്ത്രി പറഞ്ഞു.

# 20 ദിവസത്തിനുശേഷം കേരള വിസി സർവകലാശാല ആസ്ഥാനത്ത്; തടയാതെ എസ്എഫ്ഐ

തിരുവനന്തപുരം: കേരള സർവകലാശാല വൈസ് ചാൻസലർ ഡോ. മോഹനൻ കുന്നുമ്മേൽ സർവകലാശാല ആസ്ഥാനത്തെത്തി. തിരുവനന്തപുരം വിമാനത്താവളത്തിൽ നിന്നു രണ്ട് ജീപ്പ് പോലീസ് വാഹന അകമ്പടിയോടെയാണ് അദ്ദേഹം സർവകലാശാലയിൽ എത്തിയത്. എസ്എഫ്ഐയുടെയും ഡിവൈഎഫ്ഐയുടെയും പ്രതിഷേധം കാരണം കഴിഞ്ഞ 20 ദിവസമായി അദ്ദേഹം സർവകലാശാലയിൽ എത്തിയിരുന്നില്ല. സർവകലാശാലയ്ക്ക് അകത്തും പുറത്തുമായി സുരക്ഷയ്ക്കായി 200 ൽ പരം പോലീസുകാരെ വിന്യസിച്ചിട്ടുണ്ട്. ഭാരതാംബ വിവാദവുമായി ബന്ധപ്പെട്ട സംഘർഷത്തിൽ റജിസ്ട്രാറെ വിസി സസ്പെൻഡ് ചെയ്തതോടെയാണ് അദ്ദേഹത്തിനെതിരെ ഇടത് സിൻഡിക്കേറ്റും എസ്എഫ്ഐയും ഡിവൈഎഫ്ഐയും പ്രതിഷേധവുമായി രംഗത്തെത്തിയത്.

വിസി സസ്പെൻഡ് ചെയ്ത രജിസ്ട്രാർ കെ. എസ്. അനിൽകുമാറിനെ ഇടത് സിൻഡിക്കേറ്റ് തിരിച്ചെടുത്തു. എന്നാൽ ഇതിന് നിയമസാധുതയില്ലെന്ന് പറഞ്ഞ് പുതിയ രജിസ്ട്രാറെ വിസി നിയമിച്ചിരുന്നു. മിനാ കാപ്പനെയാണ് രജിസ്ട്രാറുടെ ചുമതല നൽകി വിസി നിയമിച്ചത്. നിരവധി ഫയലുകളിൽ തീർപ്പ് കൽപ്പിക്കാത്തത് വിദ്യാർഥികളുടെ ഭാവി കാര്യങ്ങളെ ബാധിച്ചിരുന്നു. പല ഫയലുകളിലും ഒപ്പിടാനുള്ള കാരണത്താലാണ് അദ്ദേഹം ഇന്ന് സർവകലാശാല ആസ്ഥാനത്തെത്തിയത്.

# താത്പര്യപത്രം ക്ഷണിച്ചു

സാങ്കേതിക മേഖലയിൽ അഭ്യസ്തവിദ്യരായ പിന്നാക്ക വിഭാഗങ്ങളിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് സ്വകാര്യ മേഖലയിൽ തൊഴിൽ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും, നൈപുണ്യ വികസനത്തിനുമായി പൊതു സ്വകാര്യ പങ്കാളിത്തത്തോടെ വാഹന നിർമ്മാണ വിപണന സർവ്വീസ് രംഗം, ഹോട്ടൽ വ്യവസായ രംഗം, ലോജിസ്റ്റിക്സ് രംഗം, പോളിമർ ഇൻഡസ്ട്രി എന്നീ മേഖലകളിൽ പരിശീലനവും തൊഴിലും ഉറപ്പ് നൽകുന്ന കരിയർ ഇൻ ഇൻഡസ്ട്രി ത്രൂ പബ്ലിക് പ്രൈവറ്റ് പാർട്ടിസിപ്പേഷൻ 2025-26 എന്ന പദ്ധതിയുമായി സഹകരിക്കുന്നതിന് പിന്നാക്ക വിഭാഗ വികസന വകുപ്പ് സ്വകാര്യ സംരംഭകരിൽ നിന്നും, സർക്കാർ ഏജൻസികളിൽ നിന്നും, സ്ഥാപനങ്ങളിൽ നിന്നും താൽപര്യ പത്രം ക്ഷണിച്ചു.

പദ്ധതിയുമായി സഹകരിക്കാൻ താല്പര്യമുള്ള സ്ഥാപനങ്ങൾ ആ ംശി പോർട്ടൽ മുഖേന ഓൺലൈനായി അപേക്ഷ സമർപ്പിക്കണം. സ്ഥാപനത്തിന്റെ പ്രവർത്തനം സംബന്ധിച്ച ബ്രോഷർ, ഇതര രേഖകൾ എന്നിവ ആ ംശി പോർട്ടലിൽ അപ് ലോഡ് ചെയ്യണം. താൽപര്യ പത്രം സ്വീകരിക്കുന്ന അവസാന തീയതി ജൂലൈ 31.

കൂടുതൽ വിവരങ്ങൾക്ക് : ഡയറക്ടറേറ്റ് (തിരുവനന്തപുരം) - 0471-2727378, 2727379, കൊല്ലം മേഖലാ ആഫീസ് - 0474-2914417, എറണാകുളം മേഖലാ ആഫീസ്- 0484 2429130, 2983130, പാലക്കാട് മേഖലാ ആഫീസ്- 0492-2222335, കോഴിക്കോട് മേഖലാ ആഫീസ് - 0495-2377786, 2377796.

# നിപ്പ: പാലക്കാട്ടെ യുവാവിന് രോഗബാധയില്ല, പൂനയിലെ പരിശോധനാ ഫലം നെഗറ്റീവ്

പാലക്കാട്: പാലക്കാട്ട് നിപ ബാധിച്ച് മരിച്ച വയോധികന്റെ മകന് രോഗബാധയില്ലെന്ന് സ്ഥിരീകരണം. പ്രാഥമിക പരിശോധനയിൽ രോഗബാധ സ്ഥിരീകരിച്ച 32കാരന് പൂന വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിലെ പരിശോധനയിലാണ് നിപ നെഗറ്റീവായത്. നിലവിൽ പാലക്കാട്ട് ചികിത്സയിലുള്ള യുവാവിന്റെ ആരോഗ്യനില തൃപ്തികരമാണ്.

ഇദ്ദേഹത്തിന്റെ പിതാവായ 58കാരൻ കഴിഞ്ഞ ദിവസം നിപ ബാധിച്ച് മരിച്ചിരുന്നു. ഇദ്ദേഹത്തിനൊപ്പം ആശുപത്രിയിലുണ്ടായിരുന്നത് മകനായിരുന്നു. പിന്നീട് മഞ്ചേരി മെഡിക്കൽ കോളജിൽ നടത്തിയ പരിശോധനയിൽ യുവാവിന് നിപ രോഗബാധ പ്രാഥമികമായി സ്ഥിരീകരിക്കുകയായിരുന്നു.

# നാവായിക്കുളം എൽപി സ്കൂളിൽ ഭക്ഷ്യവിഷബാധ; 25 കുട്ടികൾ ചികിത്സ തേടി

തിരുവനന്തപുരം: നാവായിക്കുളം കിഴക്കനേല ഗവൺമെൻറ് എൽപി സ്കൂളിൽ ഭക്ഷ്യവിഷബാധ. 25 കുട്ടികൾക്കാണ് ഉച്ചഭക്ഷണത്തിന് പിന്നാലെ ദേഹാസ്വാസ്ഥ്യം ഉണ്ടായത്. ഇവർ പാരിപ്പള്ളി ഗവൺമെൻറ് ആശുപത്രിയിൽ ചികിത്സ തേടി. കഴിഞ്ഞദിവസമായിരുന്നു സംഭവം. ചോറിനോടൊപ്പം കുട്ടികൾക്ക് ചിക്കൻ കറിയും നൽകിയിരുന്നു. ഇതിൽ നിന്നാകാം ഭക്ഷ്യ വിഷബാധ ഉണ്ടായതെന്നാണ് പ്രാഥമിക നിഗമനം. അതേസമയം സംഭവം സ്കൂൾ അധികൃതർ തദ്ദേശസ്ഥാപനത്തെയോ ബന്ധപ്പെട്ട അധികൃതരെയോ അറിയിച്ചില്ലെന്ന വിമർശനവും ഉയരുന്നുണ്ട്.

# ഇവർക്കൊന്നും മനസാക്ഷിയില്ലേ; വിവാദ പരാമർശത്തിൽ മന്ത്രി ചിഞ്ചുറാണിക്കെതിരേ സതീശൻ

കോട്ടയം: : തേലവക്കര സ്കൂൾ വിദ്യാർഥി മിഥുൻ ഷോക്കേറ്റ് മരിച്ച സംഭവത്തിൽ വിവാദ പരാമർശം നടത്തിയ മന്ത്രി ജെ. ചിഞ്ചുറാണിക്കെതിരെ പ്രതിപക്ഷ നേതാവ് വി. ഡി. സതീശൻ. ഷോക്കേറ്റ് മരിച്ച കുട്ടിയെ കുറ്റവാളിയാക്കിയ മന്ത്രിയാണ് ഇന്നലെ സൂംബാ ഡാൻസ് കളിച്ചത്. ഇവർക്കൊന്നും മനസാക്ഷിയില്ലേ എന്ന് സതീശൻ ചോദിച്ചു.

കുട്ടി മുകളിൽ കയറിയെന്നാണ് മന്ത്രി ചിഞ്ചുറാണി പറഞ്ഞത്. കുട്ടികൾ മുകളിൽ കയറുന്നത് സ്വാഭാവികമാണ്. കുട്ടിയുടെ കുഴപ്പമാണ് എന്നത് പുതിയ കണ്ടുപിടുത്തമാണ്. ഇതാണ് നമ്മുടെ മന്ത്രിസഭയിലെ മന്ത്രിമാർ.

ഓരോ മരണത്തിന്റെയും ഉത്തരവാദിത്തത്തിൽ നിന്നും ഈ മന്ത്രിമാർ ഒഴിഞ്ഞുമാറും. മന്ത്രിമാരുടെ നാവ് നിയന്ത്രിക്കാൻ മുഖ്യമന്ത്രി തയാറാകണമെന്നും സതീശൻ പറഞ്ഞു.

ഭാവിയിൽ ഇത്തരം അപകടങ്ങൾ ഉണ്ടാകാതിരിക്കാനുള്ള സുരക്ഷാ ഓഡിറ്റിംഗ് നടത്തുകയാണ് വേണ്ടത്. വയാനാട്ടിലെ സ്കൂളിൽ പെൺകുട്ടി പാമ്പു കടിയേറ്റ് മരിച്ചപ്പോൾ സ്കൂളുകളിൽ സുരക്ഷാ ഓഡിറ്റിംഗ് നടത്തണമെന്ന് ആവശ്യപ്പെട്ട് മുഖ്യമന്ത്രിക്ക് കത്ത് നൽകിയിരുന്നതാണെന്നും സതീശൻ കൂട്ടിച്ചേർത്തു.

# പ്രവാസികൾക്കായി നോർക്ക റൂട്ട്സിന്റെ സൗജന്യ ഏകദിന സംരംഭകത്വ ശില്പശാല

പ്രവാസികൾക്കും തിരിച്ചെത്തിയ പ്രവാസികൾക്കുമായി നോർക്കാ റൂട്ട്സ്സും സംസ്ഥാന സർക്കാർ സ്ഥാപനമായ സെന്റർ ഫോർ മാനേജ്മെന്റ് ഡവലപ്പ്മെന്റും (സി.എം.ഡി) സംയുക്തമായി സംഘടിപ്പിക്കുന്ന സൗജന്യ ഏകദിന സംരംഭകത്വ ശില്പശാല ജൂലൈ 31 ന് എറണാകുളം പെരുമ്പാവൂരിൽ നടക്കും.

പങ്കെടുക്കാൻ താല്പര്യമുള്ളവർ ശില്പശാല നടക്കുന്ന പെരുമ്പാവൂർ പി.ഡബ്ല്യൂ.ഡി റസ്റ്റ് ഹൗസിനു സമീപത്തെ വൈ.എം.സി.എ കോൺഫറൻസ് ഹാളിൽ രാവിലെ 09.30 നകം എത്തിച്ചേരണം. തിരിച്ചെത്തിയ പ്രവാസികളുടെ പുനരധിവാസത്തിനായി സംസ്ഥാന സർക്കാർ നോർക്ക റൂട്ട്സ് വഴി നടപ്പിലാക്കുന്ന നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺഡ് എമിഗ്രൻസ് അഥവ എൻ.ഡി.പി.ആർ.ഇ.എം പദ്ധതിയുടേയും മറ്റ് പദ്ധതികളുടേയും സേവനങ്ങളുടേയും വിശദാംശങ്ങൾ ശില്പശാലയിൽ ലഭ്യമാകും. ഉചിതമായ സംരംഭങ്ങൾ തിരഞ്ഞെടുക്കുന്നതിനും പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ സാമ്പത്തിക, നിയമ, മാനേജ്മെന്റ് മേഖലകളെ സംബന്ധിച്ചുള്ള മാർഗനിർദ്ദേശങ്ങളും ലഭിക്കും. ഇതോടൊപ്പം കുറഞ്ഞ മൂലധനത്തിൽ നാട്ടിൽ ആരംഭിക്കുവാൻ കഴിയുന്ന നൂതന ബിസിനസ്സ് ആശയങ്ങളും പരിചയപ്പെടാം.

രണ്ട് വർഷത്തിൽ കൂടുതൽ വിദേശത്തു ജോലിചെയ്തു നാട്ടിൽ സ്ഥിരതാമസമാക്കിയ പ്രവാസികേരളീയർക്ക് സ്വയംതൊഴിലോ സംരംഭങ്ങളോ ആരംഭിക്കുന്നതിനും നിലവിലുള്ളവയുടെ വിപുലീകരണത്തിനും പ്രയോജനപ്പെടുന്നതാണ് എൻ.ഡി.പി.ആർ.ഇ.എം പദ്ധതി. താൽപര്യമുള്ളവർക്ക് നോർക്ക റൂട്ട്സ് വെബ്ബ്സൈറ്റായ www.norkaroots.org സന്ദർശിച്ച് രജിസ്റ്റർ ചെയ്യാവുന്നതാണ്. കൃത്യമായ വായ്പാ തിരിച്ചടവിന് മൂലധന സബ്സിഡിയും (പരമാവധി മൂന്നു ലക്ഷം രൂപ വരെ) 3 ശതമാനം പലിശ സബ്സിഡിയും (ആദ്യത്തെ നാലു വർഷം) എൻ.ഡി.പി.ആർ.ഇ.എം പദ്ധതി വഴി സംരംഭകർക്ക് ലഭിക്കും. പദ്ധതി സംബന്ധിക്കുന്ന കൂടുതൽ വിവരങ്ങൾക്ക് 24 മണിക്കൂറും പ്രവർത്തിക്കുന്ന നോർക്ക ഗ്ലോബൽ കോൺടാക്ട് സെന്ററിന്റെ ടോൾ ഫ്രീ നമ്പറുകളായ 1800 425 3939 (ഇന്ത്യയിൽ നിന്നും) +91-8802012345 (വിദേശത്തു നിന്നും, മിസ്സ്ഡ് കോൾ സർവ്വീസ്) ബന്ധപ്പെടാവുന്നതാണ്.

# ബൃഹദ് നക്ഷത്രരൂപീകരണത്തിൽ അപൂർവ കാന്തിക സിഗ്നൽ കണ്ടെത്തി ഇന്ത്യൻ ശാസ്ത്രജ്ഞർ

ശ്രദ്ധേയമായ കണ്ടെത്തൽ നടത്തി തിരുവനന്തപുരത്തെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പേസ് സയൻസ് ആൻഡ് ടെക്നോളജിയിലെ (IIST) ജ്യോതിശാസ്ത്രജ്ഞരുടെ നേതൃത്വത്തിലുള്ള അന്താരാഷ്ട്ര സംഘം. ശൈശവാവസ്ഥയിലുള്ള ബൃഹദ് നക്ഷത്രത്തിനു സമീപം ചാക്രിക ധ്രുവീകരണം (Circular polarisation) എന്നറിയപ്പെടുന്ന പ്രത്യേക ഗുണമുള്ള റേഡിയോ വികിരണം കണ്ടെത്തി.

വൈദ്യുതകാന്തിക തരംഗത്തിലുണ്ടാകുന്ന ഒരു ഘടകമാണു ചാക്രിക ധ്രുവീകരണം. ഇവിടെ ഇതു റേഡിയോ തരംഗങ്ങളാണ്. ഇവയ്ക്കു വൈദ്യുതകാന്തിക മണ്ഡല വെക്ടറുകളുണ്ട്. ചാക്രിക ധ്രുവീകരണം നടക്കുമ്പോൾ ഈ മണ്ഡലങ്ങൾ വൃത്താകൃതിയിൽ കറങ്ങുന്നു. തരംഗം ബഹിരാകാശത്തിലൂടെ സഞ്ചരിക്കുന്ന ദിശയ്ക്കു ചുറ്റുമാണ് ഈ ഭ്രമണം സംഭവിക്കുന്നത്. രൂപംകൊള്ളുന്ന ബൃഹദ് നക്ഷത്രത്തിന്റെ തൊട്ടരികിലായി കാന്തികമണ്ഡലങ്ങളുടെ ശക്തിയെക്കുറിച്ചുള്ള നേരിട്ടുള്ള ആദ്യ സൂചന ഈ വികിരണം നൽകുന്നു. എല്ലാ ഗാലക്സികളെയും രൂപപ്പെടുത്തുന്ന ഭീമൻ നക്ഷത്രങ്ങൾ എങ്ങനെ രൂപം കൊള്ളുന്നു എന്നതിനെക്കുറിച്ചുള്ള നമ്മുടെ അറിവിലേക്ക് ആവേശകരമായ ജാലകം തുറക്കുകയാണു പുതിയ ഈ കണ്ടെത്തൽ.

'ദി അസ്ട്രോഫിസിക്കൽ ജേണൽ ലെറ്റേഴ്സി'ൽ പ്രസിദ്ധീകരിച്ച ഈ കണ്ടെത്തൽ, കഞഅട 181622048 എന്നുപേരുള്ള ഭീമൻ പ്രാഗ്നക്ഷത്രത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. പ്രാഗ്നക്ഷത്രം (Protostar) എന്നത് നക്ഷത്രം രൂപപ്പെടാൻ തുടങ്ങുന്ന ഏറ്റവും ആദ്യഘട്ടമാണ്. അത് ഇപ്പോഴും അതിന്റെ ചുറ്റുപാടുകളിൽനിന്നു വാതകവും പൊടിപടലങ്ങളും ശേഖരിക്കുന്നുണ്ട്. പ്രാരംഭ ഘട്ടത്തിൽ, പ്രാഗ്നക്ഷത്രത്തിനു വിപരീത ദിശകളിലേക്ക് ഉയർന്ന വേഗതയിലുള്ള വസ്തുക്കളെ പുറന്തള്ളാൻ കഴിയും. ഇതു കരുത്തുറ്റ ദ്വിമുഖ പ്രവാഹം (BipolarJet) എന്നറിയപ്പെടുന്നു.

ഇപ്പോൾ പഠനത്തിലുള്ള ഈ കഞഅട 181622048 എന്ന പ്രാഗ്നക്ഷത്രം നമ്മുടെ ക്ഷീരപഥ ഗാലക്സിയിലെ ഏറ്റവും വലുതും തിളക്കമുള്ളതുമായ പ്രോട്ടോസ്റ്റെല്ലാർ ജെറ്റുകളിൽ ഒന്നായ ഒ8081 ജെറ്റിനു ശക്തി നൽകുന്നു. പ്രോട്ടോസ്റ്റെല്ലാർ സിസ്റ്റത്തിലെ കാന്തികക്ഷേത്രവും ഭ്രമണവുമാണു ജെറ്റിന്റെ പുറന്തള്ളലിനു കാരണമെന്നു പരക്കെ വിശ്വസിക്കപ്പെടുന്നു. ജെറ്റിൽനിന്നു മുമ്പുതന്നെ കാന്തികക്ഷേത്രം ചിത്രീകരിച്ചിട്ടുണ്ടെങ്കിലും, ഈ ഭീമൻ പ്രാഗ്നക്ഷത്രത്തിൽനിന്നു നേരിട്ടു കാന്തികക്ഷേത്രത്തിന്റെ സൂചനകൾ കണ്ടെത്തുന്നത് ഇതാദ്യമാണ്. ഇത്തരത്തിലുള്ള കൃത്യമായ കാന്തികത്വ മാപനങ്ങൾ വളരെ അപൂർവമാണ്. പ്രാഗ്നക്ഷത്രത്തിൽനിന്നുള്ള ചാക്രിക ധ്രുവീകൃത പ്രകാശം അളക്കുന്നതാണ് ഇതിനായി ഉപയോഗിച്ച പ്രധാന സാങ്കേതികവിദ്യ.

'സൂര്യനേക്കാൾ 810 മടങ്ങു കൂടുതൽ പിണ്ഡമുള്ളതായി പരിണമിക്കുന്ന നക്ഷത്രങ്ങളായ ഭീമൻ പ്രാഗ്നക്ഷത്രങ്ങളെ പഠിക്കുന്നത് ഏറെ ബുദ്ധിമുട്ടാണ്. നാം അന്വേഷിക്കുന്ന ചാക്രിക ധ്രുവീകരണം വളരെ നേർത്തതും ഇടയ്ക്കിടെ മാത്രം ഉണ്ടാകാറുള്ളതുമാണ്. ഇത് അത്തരം അളവുകൾ എടുക്കുന്നതിൽ ഏറെ വെല്ലുവിളി ഉയർത്തുന്നു' പ്രബന്ധത്തിന്റെ മുഖ്യ രചയിതാവായ IISTയിലെ അമൽ ജോർജ് ചെറിയാൻ വിശദീകരിക്കുന്നു. അമേരിക്കയിലെ നാഷണൽ റേഡിയോ അസ്ട്രോണമി ഒബ്സർവേറ്ററിയുടെ (NRAO) കാൾ ജി ജാൻസ്കി വെരി ലാർജ് അറേ (VLA) ഉപയോഗിച്ചാണു റേഡിയോ നിരീക്ഷണങ്ങൾ നടത്തിയത്.

നമ്മുടെ സൂര്യനെപ്പോലുള്ള നക്ഷത്രങ്ങളെ രൂപപ്പെടുത്തുന്ന താഴ്ന്ന പിണ്ഡമുള്ള പ്രാഗ്നക്ഷത്രങ്ങളിൽ കരുത്തുറ്റ കാന്തികക്ഷേത്രങ്ങൾ നേരത്തെ നിരീക്ഷിക്കപ്പെട്ടിട്ടുണ്ടെങ്കിലും, ഭീമൻ പ്രാഗ്നക്ഷത്രങ്ങൾക്കു ചുറ്റുമുള്ള അത്തരം മണ്ഡലങ്ങൾ അളക്കുന്നത് ഇതിനുമുമ്പുവരെ സാധ്യമായിരുന്നില്ല. 'ബൃഹത്തായ പ്രാഗ്നക്ഷത്രത്തിൽനിന്നുള്ള റേഡിയോ തരംഗങ്ങളിൽ ചാക്രികധ്രുവീകരണം ഉപയോഗിച്ചു കാന്തികക്ഷേത്രത്തിന്റെ കരുത്ത് ഇതാദ്യമായാണു വിലയിരുത്തുന്ത്' തിരുവനന്തപുരത്തെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പേസ് സയൻസ് ആൻഡ് ടെക്നോളജിയിലെ (IIST) പ്രൊഫസർ സരിത വിഗ് പറഞ്ഞു. കുറഞ്ഞ പിണ്ഡമുള്ള നക്ഷത്രങ്ങൾമുതൽ തമോദ്വാരങ്ങൾവരെ ജെറ്റുകൾ വിക്ഷേപിക്കുന്ന രീതി സാർവത്രികമായിരിക്കാമെന്ന ആശയത്തെ ഇതു പിന്തുണയ്ക്കുന്നു.

'ചാക്രിക ധ്രുവീകരണം കണ്ടെത്തുന്നത് അത്യന്തം അപൂർവവും വെല്ലുവിളി നിറഞ്ഞതുമായ നേട്ടമാണ്. സാഹചര്യങ്ങൾ അങ്ങേയറ്റം ഗുരുതരമാണെങ്കിലും സജീവ ഗാലക്സി ന്യൂക്ലിയസുകളിൽ (AGN) പോലും, മികച്ച രീതിയിൽ ഇക്കാര്യങ്ങൾ തെരയപ്പെട്ടു' ബംഗളൂരു ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിലെ (IISc) പ്രൊഫ. നിരുപം റോയ് പറഞ്ഞു.

'സാന്ദ്രമായ വാതകത്താലും പൊടിയാലും ചുറ്റപ്പെട്ട ഭീമൻ പ്രാഗ്നക്ഷത്രത്തിന്റെ പരിതസ്ഥിതിയിൽ ഇക്കാര്യങ്ങൾ നിരീക്ഷിക്കുന്നത് ഏറെ ബുദ്ധിമുട്ടാണ്. അതുകൊണ്ടുതന്നെ ഈ കണ്ടെത്തൽ വളരെ ശ്രദ്ധേയമാണ്' IISTയിലെ പ്രൊഫ. സമീർ മണ്ഡൽ കൂട്ടിച്ചേർത്തു.

# ഗാസയിലെ കത്തോലിക്കാ ദേവാലയത്തിനെതിരായ ആക്രമണം: ഖേദം പ്രകടിപ്പിച്ച് ഇസ്രയേൽ

ഗാസ: ഗാസയിലെ കത്തോലിക്കാ ദേവാലയത്തിന് നേരെയുണ്ടായ ആക്രമണത്തിൽ ഖേദപ്രകടനം നടത്തി ഇസ്രയേൽ. വ്യാഴാഴ്ച രാവിലെയുണ്ടായ ആക്രമണത്തിൽ ആഴത്തിൽ ഖേദിക്കുന്നതായും നിഷ്കളങ്കമായ ഓരോ മരണവും ദുരന്തമാണെന്നും ഇസ്രയേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹുവിന്റെ ഓഫീസ് പ്രതികരിച്ചു. സംഭവത്തിൽ അന്വേഷണം നടത്തുമെന്നും ഇസ്രയേൽ വ്യക്തമാക്കി.

ദേവാലയത്തിനു നേരെയുണ്ടായ ആക്രമണം തെറ്റായിപ്പോയെന്ന് ഇസ്രയേൽ പ്രധാനമന്ത്രി യുഎസ് പ്രസിഡൻറ് ഡോണൾഡ് ട്രംപിനോടും വിശദമാക്കി. ആക്രമണത്തിൽ ലെയോ പതിനാലാമൻ മാർപ്പാപ്പ ഖേദം പ്രകടിപ്പിച്ചിരുന്നു. മാർപ്പാപ്പയുടെ ആശ്വാസ വാക്കുകളോട് നെതന്യാഹുവിന്റെ ഓഫീസ് നന്ദി പ്രകടിപ്പിച്ചു. ഇസ്രയേൽ സൈന്യവും ആക്രമണം അബദ്ധത്തിലുണ്ടായെന്നാണ് വിശദമാക്കുന്നത്.

ഗാസയിലെ ഹോളി ഫാമിലി കത്തോലിക്കാ പള്ളിക്കു നേർക്ക് ഇസ്രേലി സേന നടത്തിയ ഷെല്ലാക്രമണത്തിൽ രണ്ടു പേർ കൊല്ലപ്പെട്ടിരുന്നു. 60 വയസുള്ള കെയർടേക്കറും 84 വയസുള്ള സ്ത്രീയും ആണു കൊല്ലപ്പെട്ടത്.

ഗാസയിലെ ഏക കത്തോലിക്കാ പള്ളിയാണ് ആക്രമിക്കപ്പെട്ടത്. പള്ളി വികാരി ഫാ. ഗബ്രിയേൽ റൊമാനെല്ലി ഉൾപ്പെടെ രണ്ടു പേർക്കു പരിക്കേറ്റു. ഫ്രാൻസിസ് മാർപാപ്പയുടെ ഉറ്റ സുഹൃത്തായിരുന്നു ഫാ. റൊമാനെല്ലി. ഗാസാ യുദ്ധത്തിനിടെ ഫ്രാൻസിസ് മാർപാപ്പയും ഫാ. റൊമാനെല്ലിയും ദിവസവും സംസാരിച്ചിരുന്നു. ഫാ. റൊമാനെല്ലിയുടെ പരിക്ക് സാരമുള്ളതല്ല.

ക്രൈസ്തവരും മുസ്ലിംകളും അടക്കം നൂറുകണക്കിനു പലസ്തീൻകാർ അഭയം തേടിയിരിക്കുന്ന പള്ളിവളപ്പിൽ ഇസ്രേലി ഷെല്ലിംഗിൽ നാശനഷ്ടമുണ്ടായി. നിരവധി കുട്ടികളും ഭിന്നശേഷിക്കാരും ഇവിടെ കഴിയുന്നുണ്ട്.

അൽ-അഹ്‌ലി ആശുപത്രിയുടെ തൊട്ടടുത്തായാണ് ഹോളി ഫാമിലി പള്ളി സ്ഥിതി ചെയ്യുന്നത്.

# പഹൽഗാം ഭീകരാക്രമണം; ഉത്തരവാദിത്വം ഏറ്റെടുത്ത ദി റെസിസ്റ്റൻറ് ഫ്രണ്ടിനെ ഭീകരസംഘടനയായി പ്രഖ്യാപിച്ച് യുഎസ്

വാഷിംഗ്ടൺ ഡിസി: പഹൽഗാം ഭീകരാക്രമണത്തിന്റെ ഉത്തരവാദിത്വമേറ്റെടുത്ത ദി റെസിസ്റ്റൻറ് ഫ്രണ്ടിനെ (ടിആർഎഫ്) ഭീകര സംഘടനയായി പ്രഖ്യാപിച്ച് അമേരിക്ക.

ഭീകരസംഘടനയായ ലഷ്കറെ ത്വയ്ബയുടെ ഉപവിഭാഗമായാണ് ഇത് അറിയപ്പെടുന്നത്. യുഎസ് സ്റ്റേറ്റ് സെക്രട്ടറി മാർക്കോ റൂബിയോ വ്യാഴാഴ്ച പുറത്തിറക്കിയ പ്രസ്താവനയിലൂടെയാണ് ദി റെസിസ്റ്റൻറ് ഫ്രണ്ടിനെ ഭീകര സംഘടനയായി സ്ഥിരീകരിച്ചുള്ള ഔദ്യോഗിക പ്രഖ്യാപനം വന്നത്.

ടിആർഎഫിനെ ഒരു വിദേശ ഭീകര സംഘടനയായും ആഗോള ഭീകര പട്ടികയിൽ ചേർത്തതായും പ്രസ്താവനയിൽ അറിയിക്കുന്നു.

ഇമിഗ്രേഷൻ ആൻഡ് നാഷണാലിറ്റി ആക്ടിലെ സെക്ഷൻ 219,എക്സിക്യുട്ടീവ് ഓഡർ 13224 എന്നിവ പ്രകാരം ടിആർഎഫിനെയും അതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന വിഭാഗങ്ങളെയും വിദേശ ഭീകര സംഘടനാ പട്ടികയിലും (എഫ്ടിഒ) ആഗോള ഭീകര പട്ടികയിലും (എസ്ഡിജിടി) ഉൾപ്പെടുത്തിയതായി റൂബിയോ വ്യക്തമാക്കി. ഈ ഭേദഗതികൾ ഫെഡറൽ രജിസ്റ്ററിൽ പ്രസിദ്ധീകരിക്കുന്നതോടെ പ്രാബല്യത്തിൽ വരും.

2008ലെ മുംബൈ ഭീകരാക്രമണത്തിനു ശേഷം ലഷ്കറെ ത്വയ്ബ ഇന്ത്യയിൽ സാധാരണക്കാർക്ക് നേരെ നടത്തിയ ഏറ്റവും മാരകമായ ഭീകരാക്രമണമായാണ് യുഎസ് ഉദ്യോഗസ്ഥർ പഹൽഗാം ആക്രമണത്തെ വിശേഷിപ്പിച്ചത്.

കാഷ്മീർ റെസിസ്റ്റൻസ് എന്ന പേരിലും അറിയപ്പെടുന്ന ടിആർഎഫ് നേരത്തേ പഹൽഗാം ആക്രമണത്തിന്റെ ഉത്തരവാദിത്വമേറ്റെടുത്തിരുന്നു. എന്നാൽ ദിവസങ്ങൾക്കു ശേഷം സംഘടന തങ്ങളുടെ പ്രസ്താവന പിൻവലിക്കുകയും ആക്രമണത്തിൽ പങ്കില്ലെന്ന് അറിയിക്കുകയും ചെയ്തു.

# വിദ്യാർഥികളെന്ന വ്യാജേന ചിലർ സർവകലാശാലയിൽ അക്രമം നടത്തി: കേരള വിസി

തിരുവനന്തപുരം: വിദ്യാർഥികൾ എന്ന വ്യാജേന ചിലർ സർവകലാശാലയിൽ അക്രമം നടത്തിയെന്ന് കേരള സർവകലാശാല വൈസ് ചാൻസലർ മോഹനൻ കുന്നുമ്മൽ. സർവകലാശാലയിൽ ഉണ്ടായ സംഘർഷമാണ് താൻ വരാതിരിക്കാൻ കാരണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. വിസിയെ തടയില്ല എന്ന വാക്ക് വിശ്വസിച്ചാണ് ഇന്ന് വന്നതെന്നും തടയാതിരുന്നതിന് നന്ദിയെന്നും അദ്ദേഹം പറഞ്ഞു. അവരുടെ പ്രധാന പരിപാടി സമരം നടത്തുകയും എല്ലാം തകർക്കുകയുമാണ്. ഇതിനിടയിൽ ചില വിദ്യാർഥികളുടെ ഭാവിയാണ് നഷ്ടപ്പെടുന്നത്. വിദ്യാർഥിയായി തുടരുന്നത് ഒരു പ്രഫഷനായി ചിലർ കൊണ്ടുനടക്കുന്നുവെന്നും വിസി വിമർശിച്ചു. അതേസമയം, 20 ദിവസം വൈസ് ചാൻസലർ ഇല്ലായിരുന്നു എന്നത് ശരിയല്ലെന്നും അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു. ഈമാസം മൂന്നു മുതൽ എട്ടാം തീയതി വരെ റഷ്യയിൽ പോയിരുന്നു. ഇനി ഒരു ഡിഗ്രി സർട്ടിഫിക്കറ്റ് പോലും ഒപ്പിടാനില്ല. ഇനി ഒരു ഫയൽ പോലും ബാക്കിയില്ല. കഴിഞ്ഞ 30നാണ് അവസാനമായി സർവകലാശാലയിൽ വന്നത്. അന്ന് എല്ലാ ഫയലുകളും തീർപ്പാക്കിയിട്ടാണ് പോയതെന്നും അദ്ദേഹം വ്യക്തമാക്കി.

# മിഥുന്റെ മരണം; മന്ത്രിമാരായ ശിവൻകുട്ടിയും ബാലഗോപാലും തേവലക്കര സ്കൂളിലെത്തി

തിരുവനന്തപുരം: എട്ടാം ക്ലാസ് വിദ്യാർഥി ഷോക്കേറ്റ് മരിച്ച തേവലക്കര സ്കൂളിലെത്തി മന്ത്രിമാരായ വി. ശിവൻകുട്ടിയും കെ. എൻ. ബാലഗോപാലും. മിഥുന് ഷോക്കേറ്റ കെട്ടിടവും മന്ത്രിമാർ നേരിട്ട് കണ്ട് വിലയിരുത്തി.

ഒപ്പമുണ്ടായിരുന്ന ഉദ്യോഗസ്ഥർ വിവരങ്ങൾ മന്ത്രിമാർക്ക് വിശദീകരിച്ച് നൽകി. മിഥുന്റെ വീടും മന്ത്രിമാർ സന്ദർശിക്കും. സർക്കാർ മരിച്ച വിദ്യാർഥിക്കൊപ്പമാണെന്നും കുടുംബത്തിന്റെ ദുഃഖത്തിൽ പങ്കുചേരുന്നെന്നും മന്ത്രി ശിവൻകുട്ടി പ്രതികരിച്ചു. കുറ്റക്കാർക്കെതിരായ നടപടിയിൽ ഒരു വിട്ടുവീഴ്ചയും ഉണ്ടാകില്ല. മരിച്ച കുട്ടിയുടെ കുടുംബത്തിനുള്ള സർക്കാർ ധനസഹായം ഇന്ന് തന്നെ കൈമാറുമെന്നും മന്ത്രി അറിയിച്ചു.

# ട്രിമ 2025 മാനേജ്മെൻറ് കൺവെൻഷൻ ജൂലൈ 30, 31 ന് തിരുവനന്തപുരത്ത് വിവിധ മേഖലകളിലെ വിദഗ്ധർ പ്രഭാഷകരായെത്തും

തിരുവനന്തപുരം: ട്രിവാൻഡ്രം മാനേജ്മെൻറ് അസോസിയേഷൻ (ടിഎംഎ) സംഘടിപ്പിക്കുന്ന ട്രിമ 2025 വാർഷിക മാനേജ്മെൻറ് കൺവെൻഷൻ ജൂലൈ 30, 31 തീയതികളിൽ തിരുവനന്തപുരത്ത് നടക്കുമെന്ന് ഭാരവാഹികൾ വാർത്താസമ്മേളനത്തിൽ അറിയിച്ചു. ടിഎംഎയുടെ 40-ാം വാർഷികത്തോടനുബന്ധിച്ച് ഹോട്ടൽ ഒ ബൈ താമരയിൽ നടക്കുന്ന കൺവെൻഷൻറെ പ്രമേയം 'ലീഡർഷിപ്പ് ഫോർ എമർജിംഗ് വേൾഡ് - നാവിഗേറ്റിംഗ് ടെക്നോളജി, എൻറർപ്രണർഷിപ്പ് ആൻഡ് സോഷ്യൽ വെൽ-ബീയിംഗ്' എന്നതാണ്.

1985 ൽ സ്ഥാപിതമായ ടിഎംഎ മാനേജ്മെൻറ് മികവ് പ്രോത്സാഹിപ്പിക്കുന്നതിനും സുസ്ഥിര വികസനം വളർത്തുന്നതിനും പ്രതിജ്ഞാബദ്ധരായ സിഇഒമാർ, വ്യവസായ പ്രമുഖർ, നയരൂപകർത്താക്കൾ എന്നിവർ ഉൾപ്പെടുന്ന ഇന്ത്യയിലെ മുൻനിര മാനേജ്മെൻറ് അസോസിയേഷനുകളിൽ ഒന്നാണ്. അഖിലേന്ത്യാ മാനേജ്മെൻറ് അസോസിയേഷനിൽ (എഐഎംഎ) ടിഎംഎ അഫിലിയേറ്റ് ചെയ്തിട്ടുണ്ട്.

അത്യാധുനിക സാങ്കേതികവിദ്യകളും സുസ്ഥിര രീതികളും ഉപയോഗിച്ച് സംസ്ഥാനത്തിൻറെ സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തി കേരളത്തിൻറെ വളർച്ച വർദ്ധിപ്പിക്കുന്നതിലാണ് കൺവെൻഷനിലെ ചർച്ചകൾ ശ്രദ്ധ കേന്ദ്രീകരിക്കുന്നതെന്ന് ടിഎംഎ പ്രസിഡൻറ് ജി ഉണ്ണികൃഷ്ണൻ വാർത്താസമ്മേളനത്തിൽ പറഞ്ഞു. സംസ്ഥാനത്തിൻറെ ഭാവിയെ മുന്നിൽക്കണ്ട് പ്രവർത്തിക്കുന്ന നേതൃത്വനിരയ്ക്ക് ഇക്കാര്യത്തിൽ നിർണായക പങ്ക് വഹിക്കാനാകും. വിവിധ മേഖലകളിലെ വിദഗ്ധർ കൺവെൻഷനിൽ പ്രഭാഷകരായെത്തി ഉൾക്കാഴ്ചകൾ പങ്കിടുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ദ്രുത സാങ്കേതിക മാറ്റങ്ങൾ സ്വീകരിക്കുന്നതിനും നവീകരണവും സംരംഭകത്വവും വളർത്തുന്നതിനും നിർണായക സാമൂഹിക വെല്ലുവിളികളെ അഭിസംബോധന ചെയ്യുന്നതിനുമുള്ള കാഴ്ചപ്പാടുകളുടെ പ്രാധാന്യം പരിപാടി മുന്നോട്ടുവയ്ക്കുമെന്ന് ട്രിമ 2025 ചെയർമാൻ ഡോ. എം. അയ്യപ്പൻ പറഞ്ഞു.

ടിഎംഎ സെക്രട്ടറി ഉണ്ണികൃഷ്ണൻ ഗോപിനാഥ്, ട്രിമ 2025 കോ-ചെയർ ഹരികേഷ് പി സി എന്നിവരും പത്രസമ്മേളനത്തിൽ പങ്കെടുത്തു.രണ്ട് ദിവസത്തെ പരിപാടിയുടെ സമാപന ചടങ്ങിൽ തിരുവിതാംകൂർ രാജകുടുംബാംഗമായ പൂയം തിരുനാൾ ഗൗരി പാർവതി ഭായി മുഖ്യാതിഥിയായിരിക്കും.

കേരളത്തെ ബാധിക്കുന്ന നിർണായക പ്രശ്നങ്ങൾ അഭിസംബോധന ചെയ്യുന്നതിനുള്ള വേദിയായി ട്രിമ 2025 മാറും. മാനേജ്മെൻറ്-വ്യവസായ പ്രമുഖർ, നയരൂപീകരണ-അക്കാദമിക് വിദഗ്ധർ എന്നിവർ കൺവെൻഷനിൽ പങ്കെടുക്കും.

'ഊർജ്ജസ്വലമായ നേതൃത്വത്തിനായി മാറ്റങ്ങളെയും നവീകരണത്തെയും സ്വീകരിക്കൽ', 'ടെക് ഡിസ്റപ്റ്റേഴ്സ് ആൻഡ് ഡിജിറ്റൽ എവല്യൂഷൻ: എഐ, ഓട്ടോമേഷൻ ആൻഡ് ഇൻഡസ്ട്രി 4.0', 'സാമൂഹ്യക്ഷേമം സാധ്യമാക്കുന്നതിനായുള്ള വെല്ലുവിളികളെ അഭിസംബോധന ചെയ്യൽ', 'ആഗോള വെല്ലുവിളികൾ അഭിസംബോധന ചെയ്യുന്നതിൽ വിദ്യാഭ്യാസത്തിൻറെ പങ്ക്', 'ഇറ്റ്സ് ആൾ എബൗട്ട് ഇന്നൊവേഷൻ സക്സസ് ആൻഡ് ഗ്രോത്ത്' എന്നിവ ട്രിമ 2025 ലെ പ്രധാന സെഷനുകളിൽ ഉൾപ്പെടുന്നു.

വ്യവസായ സമൂഹത്തിൻറെ അഭിപ്രായങ്ങളെ അടിസ്ഥാനമാക്കിയാണ് ചർച്ചയ്ക്കായുള്ള പ്രധാന വിഷയങ്ങൾ തെരഞ്ഞെടുത്തതെന്നും വിവിധ മേഖലകളിലുള്ള സംഘടനകൾക്ക് കൺവെൻഷൻ ആകർഷകവും പ്രയോജനകരവുമാക്കാൻ ഇത് സഹായിക്കുമെന്നും ടിഎംഎ ഭാരവാഹികൾ വ്യക്തമാക്കി.

വിവിധ മേഖലകളിലെ വിദഗ്ധർ പ്രഭാഷകരായി കൺവെൻഷനിൽ പങ്കെടുക്കും. സതേൺ എയർ കമാൻഡിലെ എയർ ഓഫീസർ കമാൻഡിംഗ്-ഇൻ-ചീഫ് എയർ മാർഷൽ മനീഷ് ഖന്ന, മുൻ അംബാസഡർ ടി.പി. ശ്രീനിവാസൻ, എയർ മാർഷൽ (റിട്ട) ഐപി വിപിൻ എന്നിവർ പ്രധാന സെഷനുകളിൽ സംസാരിക്കും.

കേരള ഹെൽത്ത് സയൻസസ് വൈസ് ചാൻസലർ പ്രൊഫ. ഡോ. മോഹനൻ കുന്നുമ്മൽ, എസ്ബിഐ തിരുവനന്തപുരം സർക്കിൾ ചീഫ് ജനറൽ മാനേജർ ഭുവനേശ്വരി എ, ക്ലസ്റ്റർ യൂണിവേഴ്സിറ്റി ഓഫ് ജമ്മു വി സി ഡോ. കെ. എസ്. ചന്ദ്രശേഖർ, കാലിക്കറ്റ് ഐഐഎം പ്രൊഫസറും ഡിജിറ്റൽ യൂണിവേഴ്സിറ്റി കേരള മുൻ വൈസ് ചാൻസലറുമായ ഡോ. സജി ഗോപിനാഥ്, മുൻ ഡിജിപി ജേക്കബ് പുന്നൂസ്, എഡിജിപി ശ്രീജിത്ത്, അദാനി – വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പ്രദീപ് ജയരാമൻ, കിംസ് ഹെൽത്ത് സിഎംഡി ഡോ. എം.ഐ സഹദുള്ള, മുംബൈ അവലോൺ കൺസൾട്ടിംഗ് ചെയർമാൻ രാജ് നായർ, ഗൂഗിൾ ക്ലൗഡ് ഇന്ത്യ എംഡി ശശികുമാർ ശ്രീധരൻ, സിന്തൈറ്റ് ഇൻഡസ്ട്രീസ് പ്രൈവറ്റ് ലിമിറ്റഡ് എംഡി അജു ജേക്കബ്, സഫിൻ ഇന്ത്യ ചീഫ് സസ്റ്റൈനബിലിറ്റി ഓഫീസറും എംഡിയുമായ സുജ ചാണ്ടി, തിരുവനന്തപുരം ഗവ. മെഡിക്കൽ കോളേജ് സൈക്യാട്രി വിഭാഗം പ്രൊഫസറായ ഡോ. അരുൺ ബി നായർ, ഐബിഎം കൊച്ചി എക്സിക്യൂട്ടീവ് ഡയറക്ടർ വിനോദ് ഖാദർ, ഹെക്സ് 20 ലാബ്സ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് ഡയറക്ടർ ലോയ്ഡ് ജേക്കബ് ലോപ്പസ്, ജെൻ റോബോട്ടിക്സ് ഇന്നൊവേഷൻസ് ഡയറക്ടറും സിഇഒയുമായ വിമൽ ഗോവിന്ദ് എംകെ എന്നിവരും പ്രഭാഷകരായെത്തും.

ശാസ്ത്രം, മാനേജ്മെൻറ്, സാങ്കേതികവിദ്യ, സാമൂഹിക വികസനം എന്നിവ തമ്മിലുള്ള വൈജ്ഞാനിക കൈമാറ്റത്തിനുള്ള വേദിയായി ട്രിമ 2025 മാറുമെന്ന് ടിഎംഎ ഭാരവാഹികൾ പറഞ്ഞു. വ്യവസായ പ്രമുഖർ, നയരൂപകർത്താക്കൾ, ഇന്നൊവേറ്റേഴ്സ് തുടങ്ങിയവർ പ്രതിനിധികളുമായി കാഴ്ചപ്പാടുകൾ പങ്കുവയ്ക്കും. നവീകരണവും സാമൂഹിക ഉത്തരവാദിത്തവും പ്രയോജനപ്പെടുത്തുന്നതിന് ഇത് പ്രതിനിധികളെ സഹായിക്കും. സംഘടനകളുടെ പങ്കാളിത്തം കൺവെൻഷന് വിലമതിക്കാനാവാത്തതാണെന്നും പരസ്പരം പ്രയോജനകരമായ നിർദ്ദേശങ്ങൾ ഈ പരിപാടിയിലൂടെ മുന്നോട്ടുവയ്ക്കാൻ സാധിക്കുമെന്നും അവർ കൂട്ടിച്ചേർത്തു.

ട്രിമ 2025-ൻറെ ഭാഗമായി കമ്പനികളിൽ നിന്നും കോർപ്പറേറ്റുകളിൽ നിന്നും ടിഎംഎ-സിഎസ്ആർ അവാർഡിനും, സ്റ്റാർട്ടപ്പുകളിൽ നിന്ന് ടിഎംഎഅദാനി സ്റ്റാർട്ടപ്പ് അവാർഡിനും അപേക്ഷ ക്ഷണിച്ചിരുന്നു. വളർന്നുവരുന്ന മാനേജ്മെൻറ് മികവിനെ പ്രോത്സാഹിപ്പിക്കുന്നതിനായി വിദ്യാർഥികൾക്ക് ടിഎംഎ കിംസ് ഹെൽത്ത് തീം പ്രസൻറേഷൻ അവാർഡ് നൽകും.

കൺവെൻഷൻറെ ഓൺലൈൻ ഡെലിഗേറ്റ് രജിസ്ട്രേഷൻ പുരോഗമിക്കുന്നു. രജിസ്ട്രേഷനും വിശദാംശങ്ങൾക്കും: https://trima.conferenceprime.com/auth/register.

# ട്രംപിന്റെ പാക്കിസ്ഥാൻ സന്ദർശന വാർത്ത തള്ളി വൈറ്റ്ഹൗസ്

ഇസ്‌ലാമാബാദ്: യുഎസ് പ്രസിഡൻറ് ഡോണൾഡ് ട്രംപ് സെപ്റ്റംബറിൽ പാക്കിസ്ഥാൻ സന്ദർശിക്കുമെന്ന റിപ്പോർട്ടുകൾ തള്ളി വൈറ്റ് ഹൗസ്. പാക്കിസ്ഥാനിലേക്കുള്ള യാത്ര ഇപ്പോൾ നിശ്ചയിച്ചിട്ടില്ലെന്ന് വൈറ്റ് ഹൗസ് വ്യക്തമാക്കി. ഡോണൾഡ് ട്രംപ് സെപ്റ്റംബറിൽ പാക്കിസ്ഥാൻ സന്ദർശിക്കുമെന്നും തുടർന്ന് ഇന്ത്യയിലേക്ക് പോകുമെന്നും പാക് ടിവി ചാനലുകൾ റിപ്പോർട്ട് ചെയ്തിരുന്നു. എന്നാൽ, ഇതേപ്പറ്റി അറിവില്ലെന്നാണ് പാക്ക് വിദേശകാര്യ വക്താവ് പ്രതികരിച്ചത്. ഒന്നും പറയാനില്ലെന്ന് ഇസ്ലാമാബാദിലെ യുഎസ് എംബസി വക്താവും പറഞ്ഞു. സന്ദർശന വാർത്ത വൈറ്റ് ഹൗസ് നിഷേധിച്ചതിനു പിന്നാലെ രണ്ടു പ്രധാന ടെലിവിഷൻ ചാനലുകൾ വാർത്ത പിൻവലിച്ചു. സ്ഥിരീകരണമില്ലാത്ത വാർത്ത സംപ്രേഷണം ചെയ്തതിൽ ഒരു ടെലിവിഷൻ ചാനൽ മാപ്പ് പറയുകയും ചെയ്തു.

ഇന്ത്യ, യുഎസ്, ഓസ്ട്രേലിയ, ജപ്പാൻ എന്നിവയുൾപ്പെട്ട ക്വാഡ് കൂട്ടായ്മയുടെ അടുത്ത ഉച്ചകോടി ഇന്ത്യയിലാണു നടക്കുന്നത്. ഇതിൽ ട്രംപ് പങ്കെടുക്കുമെന്നാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ, ക്വാഡ് സമ്മേളനത്തിന്റെ തീയതി തീരുമാനമായിട്ടില്ല. ക്വാഡ് സമ്മേളനത്തിന് ഇന്ത്യയിലെത്തുന്നതിനു മുൻപ് ട്രംപ് പാക്കിസ്ഥാനിൽ ഇറങ്ങുമെന്ന മട്ടിലും പ്രചാരണമുണ്ട്. സന്ദർശനം നടക്കുകയാണെങ്കിൽ രണ്ടു പതിറ്റാണ്ടിനു ശേഷമാണ് യുഎസ് പ്രസിഡൻറ് പാക്കിസ്ഥാനിലെത്തുന്നത്. 2006 ൽ ജോർജ് ബുഷ് ആണ് അവസാനം പാക്കിസ്ഥാൻ സന്ദർശിച്ചത്. ഇന്ത്യ പാക് സംഘർഷത്തിനു ശേഷം കഴിഞ്ഞ മാസം പാക്കിസ്ഥാൻ സൈനിക മേധാവി അസിം മുനീർ വൈറ്റ് ഹൗസിലെത്തി ട്രംപിനെ കണ്ടിരുന്നു.

# വിദ്യാർഥി ഷോക്കേറ്റു മരിച്ച സംഭവം: പ്രസ്താവനയിൽ ഖേദം പ്രകടിപ്പിച്ച് മന്ത്രി ചിഞ്ചുറാണി

തിരുവനന്തപുരം: തേവലക്കര സ്കൂളിൽ വിദ്യാർഥി ഷോക്കേറ്റ് മരിച്ച സംഭവവുമായി ബന്ധപ്പെട്ട് നടത്തിയ പ്രസ്താവനയിൽ ഖേദം പ്രകടിപ്പിച്ച് മന്ത്രി ജെ. ചിഞ്ചുറാണി.

കുട്ടികൾ പറയുന്നത് കേൾക്കാത്തതാണ് പ്രശ്നമെന്നായിരുന്നു ചിഞ്ചുറാണി വ്യാഴാഴ്ച പറഞ്ഞിരുന്നത്. ഈ പ്രസ്താവന ഒഴിവാക്കാമായിരുന്നുവെന്ന് മന്ത്രി ഇന്നു പറഞ്ഞു. കുടുംബം ദുഃഖാവസ്ഥയിലാണെന്നും അവർക്കൊപ്പം നില്ക്കുന്നുവെന്നും മന്ത്രി കൂട്ടിച്ചേർത്തു.

കുടുംബത്തിന് വേണ്ട സഹായം സർക്കാർ നൽകും. സ്കൂളിന്റെയും കെഎസ്ഇബിയുടെയും വീഴ്ചയും പരിശോധിക്കുമെന്നും ചിഞ്ചുറാണി പറഞ്ഞു.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# കേരളത്തിന്റേത് സാമൂഹിക നീതിയിലധിഷ്ഠിതമായ നഗരവികസനം: മന്ത്രി എം ബി രാജേഷ്

സുസ്ഥിരത, തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ, സാമ്പത്തിക വളർച്ച, സാമൂഹിക നീതി ഉറപ്പാക്കൽ തുടങ്ങിയവയിലധിഷ്ഠിതമായ ആസൂത്രിത നഗരവികസനമാകും കേരളത്തിൽ നടപ്പിലാക്കുന്നതെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം ബി രാജേഷ് പറഞ്ഞു.

2025-26 ലെ സംസ്ഥാനങ്ങൾക്കുള്ള പ്രത്യേക കേന്ദ്ര ധന സഹായത്തിനായി നഗരാസൂത്രണ പരിഷ്കാരങ്ങളെക്കുറിച്ചുള്ള സ്റ്റേക്ക്ഹോൾഡർ കൺസൾട്ടേഷൻ വർക്ക്ഷോപ്പ് തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിലുള്ള അമൃതിന്റെ സംസ്ഥാന മിഷൻ മാനേജ്മെന്റ് യൂണിറ്റാണ് ശിൽപ്പശാല സംഘടിപ്പിച്ചത്. നഗരാസൂത്രണ രംഗത്ത് കേരളത്തിന് നീക്കിവച്ചിട്ടുള്ള പലിശ രഹിത വായ്പയായുള്ള കേന്ദ്രസഹായം പരമാവധി വിനിയോഗിക്കാൻ കഴിയണമെന്ന് മന്ത്രി പറഞ്ഞു.നഗര വികസന ആസൂത്രണ രംഗത്തെ പരിഷ്കാരങ്ങൾ സംബന്ധിച്ച് ശരിയായി ആവിഷ്കരിച്ച പദ്ധതികൾ സെപ്റ്റംബറോടെ അന്തിമമായി സമർപ്പിക്കാൻ കഴിയണം.കേന്ദ്ര ധന മന്ത്രാലയത്തിന്റെ അനുമതി ലഭിക്കേണ്ടതിനാൽ നിഷ്ക്കർഷിക്കുന്ന മാനദണ്ഡങ്ങൾക്കനുസരിച്ച് കൃത്യമായി പദ്ധതി രേഖ പൂർത്തിയാക്കാൻ ഉദ്യോഗസ്ഥർക്ക് ശ്രമിക്കണം.

കേരളം അതിവേഗത്തിൽ നഗരവൽക്കരിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്.സർക്കാർ നിയോഗിച്ച അർബൻ പോളിസി കമ്മീഷന്റെ നിരീക്ഷണമനുസരിച്ച് കേരളത്തിൽ ദേശീയ ശരാശരിയുടെ ഇരട്ടി വേഗത്തിലും ആഗോള ശരാശരിയേക്കാൾ ഉയർന്ന നിരക്കിലുമാണ് നഗരവൽക്കരണം നടക്കുന്നത്. സംസ്ഥാനം മൊത്തത്തിൽ ഒരു വലിയ നഗരമായി മാറിക്കൊണ്ടിരിക്കുന്നു. ഗ്രാമങ്ങളിൽ നിന്ന് നഗരങ്ങളിലേക്കുള്ള കുടിയേറ്റം എന്നതിലുപരി, നഗരങ്ങൾ ഗ്രാമങ്ങളിലേക്ക് വ്യാപിക്കുന്നതാണ് കേരളത്തിന്റെ പ്രത്യേകത. ഈ മാറ്റം വലിയ വെല്ലുവിളികളും അതോടൊപ്പം വലിയ അവസരങ്ങളും തുറന്നുതരുന്നുണ്ട്. ഈ അവസരങ്ങൾ ഉപയോഗിക്കാനും വെല്ലുവിളികളെ ഫലപ്രദമായി നേരിടാനും കഴിയണം.

കേരളത്തിന്റെ ഭാവി പുരോഗതി ആസൂത്രിതവും ദീർഘവീക്ഷണമുള്ളതുമായ നഗരവികസനത്തെ ആശ്രയിച്ചിരിക്കും. നാടും നഗരവും തമ്മിലുള്ള അതിരുകൾ ഇപ്പോൾത്തന്നെ ഇല്ലാതായിക്കൊണ്ടിരിക്കുകയാണെന്നും, അതിവേഗത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന ഈ മാറ്റം മുൻകൂട്ടി കണ്ടുകൊണ്ട് കാര്യങ്ങൾ ചെയ്തില്ലെങ്കിൽ നഗരവികസനം കൂടുതൽ സങ്കീർണ്ണമാകുമെന്നും അദ്ദേഹം പറഞ്ഞു. അർബൻ ഫണ്ട്, സംസ്ഥാന താൽപര്യങ്ങൾക്ക് വിധേയമായ സ്വകാര്യ മൂലധനം എന്നിവ സ്വീകരിച്ച് പശ്ചാത്തല സൗകര്യ വികസനത്തിലടക്കം വിനിയോഗിക്കാൻ നഗരസഭകൾ ശ്രമിക്കണമെന്നും മന്ത്രി പറഞ്ഞു.ഇന്ത്യയിൽ ആദ്യമായി ഒരു നഗരനയം രൂപീകരിക്കുന്നതിനായി കമ്മീഷനെ നിയോഗിച്ച സംസ്ഥാനമാണ് കേരളം. നിശ്ചിത സമയത്തിനുള്ളിൽ കമ്മീഷൻ സമഗ്രമായ പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചു. 2500-ലധികം ആളുകളിൽ നിന്നും അഭിപ്രായങ്ങൾ സ്വരൂപിച്ച് കൺസൽട്ടേഷനുകൾ നടത്തിയാണ് റിപ്പോർട്ട് സമർപ്പിച്ചത്. ഇതിന്റെ അടിസ്ഥാനത്തിൽ സെപ്റ്റംബർ 12, 13 തീയതികളിൽ കൊച്ചിയിൽ അന്താരാഷ്ട്ര നഗരവികസന കോൺക്ലേവ് സംഘടിപ്പിക്കുകയാണ്. കേന്ദ്ര ഭവന, നഗരകാര്യ വകുപ്പ് മന്ത്രി, രാജ്യത്തെ നഗരവികസന മന്ത്രിമാർ, മറ്റ് രാജ്യങ്ങളിലെ എം പിമാർ, വിദേശ മേയർമാർ ഉൾപ്പെടെയുള്ള പ്രതിനിധികളും കോൺക്ലേവിൽ പങ്കെടുക്കുമെന്നും മന്ത്രി അറിയിച്ചു.ചടങ്ങിൽ അമൃത് മിഷൻ ഡയറക്ടർ സൂരജ് ഷാജി സ്വാഗതമാശംസിച്ചു.ചീഫ് ടൗൺ പ്ലാനർ ഷിജി ഇ ചന്ദ്രൻ, കേന്ദ്ര ഭവന നിർമാണ നഗര കാര്യ കൺസൾട്ടന്റ് കിഷോർ അവാദ് എന്നിവർ ആശംസകളർപ്പിച്ചു. പ്രശാന്ത് എച്ച് നന്ദി രേഖപ്പെടുത്തി.

## വള്ളംമറിഞ്ഞ് മത്സ്യത്തൊഴിലാളിയെ കാണാതായി

തിരുവനന്തപുരം: വെട്ടുകാട് പള്ളിക്ക് സമീപം കടലിൽ മത്സ്യബന്ധന വള്ളം മറിഞ്ഞ് തൊഴിലാളിയെ കാണാതായി. പ്രദേശവാസിയായ അനിൽ ആൻഡ്രുവിനെയാണ് കാണാതായത്. കോസ്റ്റൽ പോലീസും മറൈൻ എൻഫോഴ്സ്മെൻറും തിരച്ചിൽ തുടരുകയാണ്. ഇന്ന് രാവിലെയാണ് കൂറ്റൻ തിരയിൽപ്പെട്ട് വള്ളം മറിഞ്ഞത്. വള്ളത്തിൽ ഒപ്പമുണ്ടായിരുന്ന നാല് പേർ നീന്തി രക്ഷപ്പെട്ട് കരയ്ക്ക് കയറി.

## വിദ്യാർഥികൾക്ക് നേരെ പെപ്പർ സ്പ്രേ പ്രയോഗിച്ച് സഹപാഠിയുടെ മാതാപിതാക്കൾ; 8 പേർ ചികിത്സയിൽ

ഇടുക്കി: സ്കൂൾ വിദ്യാർഥികൾക്ക് നേരെ പെപ്പർ സ്പ്രേ പ്രയോഗിച്ച് സഹപാഠിയുടെ മാതാപിതാക്കൾ. സംഭവത്തിൽ എട്ട് കുട്ടികൾക്ക് പരിക്കുണ്ട്. ഇവർ ആശുപത്രിയിൽ ചികിത്സയിലാണ്. ആരുടെയും പരിക്ക് സാരമുള്ളതല്ലെന്നാണ് വിവരം. ബൈസൺവാലിയിലെ സർക്കാർ ഹയർ സെക്കൻഡറി സ്കൂളിലെ വിദ്യാർഥികൾക്ക് നേരെയായിരുന്നു ആക്രമണം. ഇന്ന് രാവിലെയാണ് സംഭവം.

## 1,000 കോടി രൂപയുടെ കടപ്പത്രം പുറപ്പെടുവിക്കുന്നു

സംസ്ഥാനത്തിന്റെ വികസനപ്രവർത്തനങ്ങളുടെ ധനശേഖരണാർഥം 1,000 കോടി രൂപയുടെ കടപ്പത്രം പുറപ്പെടുവിക്കുന്നു. ഇതിനായുള്ള ലേലം ജൂലൈ 22 ന് റിസർവ് ബാങ്കിന്റെ മുംബൈ ഫോർട്ട് ഓഫീസിൽ ഇ-കുബേർ സംവിധാനം വഴി നടക്കും. ലേലം സംബന്ധിച്ച വിജ്ഞാപനത്തിനും (നമ്പർ: എസ്.എസ്-1/217/2025ഫിൻ. തിയതി 17.07.2025) വിശദാംശങ്ങൾക്കും ധനവകുപ്പിന്റെ വെബ്സൈറ്റ് (www.finance.kerala.gov.in) സന്ദർശിക്കുക.

## കീം 2025: അന്തിമ കാറ്റഗറി ലിസ്റ്റ് പ്രസിദ്ധീകരിച്ചു

2025-ലെ എഞ്ചിനീയറിംഗ്, ഫാർമസി കോഴ്സുകളിലേയ്ക്കുള്ള (കീം-2025) പ്രവേശനത്തിന് അപേക്ഷ സമർപ്പിച്ചിട്ടുള്ളവരുടെ വിവിധ കാറ്റഗറി/ കമ്മ്യൂണിറ്റി സംവരണം/ ഫീസാനുകൂല്യം എന്നിവയ്ക്ക് അർഹരായവരുടെ അന്തിമ കാറ്റഗറി ലിസ്റ്റ് ംംം.രലല.സലൃമഹമ.ഴീ.ശി ൽ പ്രസിദ്ധീകരിച്ചു. നിശ്ചിത തീയതിക്കകം കാറ്റഗറി/ കമ്മ്യൂണിറ്റി/ നേറ്റിവിറ്റി/ വരുമാനം/ പ്രത്യേക സംവരണം എന്നിവ തെളിയിക്കുന്നതിനുള്ള ആധികാരിക രേഖകൾ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് സമർപ്പിച്ചവരെ ഉൾപ്പെടുത്തിയാണ് അന്തിമ കാറ്റഗറി ലിസ്റ്റ് തയ്യാറാക്കിയിരിക്കുന്നത്. വിദ്യാർത്ഥികൾക്ക് 'KEAM 2025-Candidate Portal' se 'Category List' എന്ന മെനു ക്ലിക്ക് ചെയ്ത് കാറ്റഗറി ലിസ്റ്റ് കാണാം. വിശദവിവരങ്ങൾക്ക് പ്രവേശന പരീക്ഷാ കമ്മിഷണറുടെ www.cee.kerala.gov.i വെബ്സൈറ്റ് സന്ദർശിക്കുക. ഫോൺ: 0471 – 2332120, 2338487.

## ഹജ്ജ് അപേക്ഷ – ജില്ലയിൽ വിപുലമായ ക്രമീകരണങ്ങൾ

സംസ്ഥാന ഹജ്ജ് കമ്മറ്റി മുഖേന 2026 ൽ ഹജ്ജിന് ഓൺലൈൻ അപേക്ഷ സമർപ്പണം ജില്ലയിൽ ആരംഭിച്ചു. ഹജ്ജ് കമ്മിറ്റി വിപുലമായ സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നത്. ജൂലൈ 31 വരെയാണ് അപേക്ഷിക്കാനുള്ള സമയം. കൂടുതൽ വിവരങ്ങൾക്ക്: 9895648856, 9656868675.

## വനിതാ കമ്മിഷൻ പ്രൊപ്പോസൽ ക്ഷണിച്ചു

2025-26 സാമ്പത്തിക വർഷത്തെ മേജർ / മൈനർ ഗവേഷണ പഠനങ്ങൾക്ക് ഗവേഷണ പഠനങ്ങൾ നടത്തി മുൻ പരിചയമുള്ള വ്യക്തികളിൽ / സ്ഥാപനങ്ങളിൽ നിന്നും കേരള വനിതാ കമ്മീഷൻ പ്രൊപ്പോസലുകൾ ക്ഷണിച്ചു. ഗവേഷണ വിഷയങ്ങൾ, അപേക്ഷകർക്ക് വേണ്ട യോഗ്യത, പ്രൊപ്പോസൽ തയ്യാറാക്കേണ്ട രീതി, നിബന്ധനകൾ തുടങ്ങിയ വിശദാംശങ്ങൾ www.keralawomens commission.gov.in ൽ ലഭ്യമാണ്. വെബ്സൈറ്റിൽ നൽകിയിരിക്കുന്ന മാർഗനിർദ്ദേശങ്ങൾ പ്രകാരം തയ്യാറാക്കിയിട്ടുള്ള പ്രൊപ്പോസലുകൾ മാത്രമേ പരിഗണിക്കുകയുള്ളൂ. പ്രൊപ്പോസലുകൾ ഓഗസ്റ്റ് 6 വൈകിട്ട് 5 നകം വനിതാ കമ്മീഷന്റെ ഓഫീസിൽ ലഭ്യമാക്കണം. പ്രൊപ്പോസലിന്റെ സേഫ്റ്റ് കോപ്പി keralawomens commission@yahoo.co.in ൽ ഇമെയിലായും അയയ്ക്കണം.

## ഗസ്റ്റ് ലക്ചർ നിയമനം

തലശ്ശേരി കോടിയേരി ബാലകൃഷ്ണൻ സ്മാരക ഗവ. കോളേജിൽ 2025-26 അധ്യയന വർഷത്തേക്ക് മലയാളം വിഷയത്തിൽ ഗസ്റ്റ് ലക്ചററെ ആവശ്യമുണ്ട്. ഉദ്യോഗാർത്ഥികൾ നിലവിലെ യു.ജി.സി റഗുലേഷൻ പ്രകാരം അസിസ്റ്റന്റ് പ്രൊഫസർ നിയമനത്തിനുള്ള യോഗ്യത നേടിയിരിക്കണം. നെറ്റ് / പി.എച്ച്.ഡി യോഗ്യത ഉള്ളവരുടെ അഭാവത്തിൽ ബന്ധപ്പെട്ട വിഷയത്തിൽ 55 ശതമാനം മാർക്കോടുകൂടി ബിരുദാനന്തര ബിരുദം നേടിയവരെയും പരിഗണിക്കും. കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ ഓദ്യോഗിക പോർട്ടലിൽ അതിഥി അധ്യാപക രജിസ്ട്രേഷൻ പൂർത്തിയാക്കി വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് / നമ്പർ ലഭിച്ചിട്ടുള്ള ഉദ്യോഗാർത്ഥികൾ വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന ഒറിജിനൽ സർട്ടിഫിക്കറ്റുകളും പകർപ്പുകളും സഹിതം ജൂലൈ 23 രാവിലെ 10 ന് കോളേജിൽ അഭിമുഖത്തിന് ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക്: 9188900210.

## ക്വട്ടേഷൻ ക്ഷണിച്ചു

കേരള സംസ്ഥാന ഭിന്നശേഷി ക്ഷേമ കോർപ്പറേഷൻ ഹെഡ് ഓഫീസിലേക്ക് ഡ്രൈവർ ഉൾപ്പെടെ ഒരു കാർ വാടകയ്ക്ക് നൽകാൻ താല്പര്യമുള്ള വ്യക്തികളിൽ / സ്ഥാപനങ്ങളിൽ നിന്ന് മത്സരസ്വഭാവമുള്ള മുദ്രവച്ച ക്വട്ടേഷൻ ക്ഷണിച്ചു (SUV model 5seater (eg:-Nexon, Creta, Brezza, GrandVitara etc). ക്വട്ടേഷൻ ജൂലൈ 28 വൈകിട്ട് 3 നകം സമർപ്പിക്കണം. വിശദവിവരങ്ങൾക്ക്: www.hpwc.kerala.gov.in, 0471 2347768, 9497281896.

## അസിസ്റ്റന്റ് പ്രൊഫസർ അഭിമുഖം

നെയ്യാറ്റിൻകര സർക്കാർ പോളിടെക്നിക് കോളേജിൽ ഫിസിക്സ്, കെമിസ്ട്രി, ഗണിത ശാസ്ത്രം വിഭാഗങ്ങളിൽ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലേക്ക് താൽക്കാലിക നിയമനം നടത്തുന്നു. അഭിമുഖത്തിൽ പങ്കെടുക്കാൻ താല്പര്യമുള്ള ഉദ്യോഗാർത്ഥികൾ യോഗ്യത, വയസ് എന്നിവ തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകൾ സഹിതം ജൂലൈ 25 രാവിലെ 10.30 ന് കോളേജ് പ്രിൻസിപ്പാളിന്റെ ഓഫീസിൽ ഹാജരാകണം. അതിഥി അദ്ധ്യാപകരുടെ നിയമനത്തിനുള്ള കൂടിക്കാഴ്ചയിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന യു ജി സി റെഗുലേഷൻ പ്രകാരം നിശ്ചിത യോഗ്യത നേടിയിട്ടുള്ള ഉദ്യോഗാർത്ഥികളും കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ മേഖലാ കാര്യാലയത്തിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളതുമായ ഉദ്യോഗാർത്ഥികൾക്ക് അസ്സൽ രേഖകളും പകർപ്പുമായി അഭിമുഖത്തിന് പങ്കെടുക്കാം. ഫോൺ : 0471 2222935.

# വ്യാജ വെളിച്ചെണ്ണ ഒഴിവാക്കാൻ ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ കർശന പരിശോധന

വിപണിയിലെ വെളിച്ചെണ്ണയുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനായി ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നേതൃത്വത്തിൽ സംസ്ഥാന വ്യാപകമായി പരിശോധന നടത്തിയതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്.

വെളിച്ചെണ്ണ നിർമ്മാണ യൂണിറ്റുകളിലും മൊത്ത, ചില്ലറ വ്യാപാര കേന്ദ്രങ്ങളിലുമാണ് ഓപ്പറേഷൻ ലൈഫിന്റെ ഭാഗമായി മൂന്ന് ദിവസത്തെ സ്പെഷ്യൽ ഡ്രൈവായ ഓപ്പറേഷൻ നാളികേര നടത്തിയത്. വെളിച്ചെണ്ണയുടെ വില കൂടുന്ന സാഹചര്യത്തിൽ മായം ചേർത്ത വെളിച്ചെണ്ണ വിപണിയിലെത്താവുന്ന സാഹചര്യം മുന്നിൽ കണ്ടാണ് ഭക്ഷ്യ സുരക്ഷാ വകുപ്പ് പരിശോധനകൾ കർശനമാക്കിയത്. മായം ചേർത്ത വെളിച്ചെണ്ണയുടെ വിൽപനയ്ക്കെതിരെ പൊതുജനങ്ങളും ജാഗ്രത പാലിക്കണമെന്ന് മന്ത്രി അഭ്യർത്ഥിച്ചു.

സംസ്ഥാനത്താകെ 980 സ്ഥാപനങ്ങളിൽ നടത്തിയ പരിശോധനകളിൽ 25 സ്ഥാപനങ്ങൾക്ക് റെക്ടിഫിക്കേഷൻ നോട്ടീസ് നൽകി. വിവിധ കാരണങ്ങളാൽ ഏഴ് സ്ഥാപനങ്ങൾക്ക് പിഴ ഈടാക്കുന്നതിനുള്ള കോമ്പൗണ്ടിംഗ് നോട്ടീസ് നൽകി. 161 സ്റ്റാറ്റ്യൂട്ടറി സാമ്പിളുകളും 277 സർവൈലൻസ് സാമ്പിളുകളും തുടർ പരിശോധനകൾക്കായി ശേഖരിച്ചു.

വെളിച്ചെണ്ണയുടെ ഗുണനിലവാരത്തിൽ സംശയം തോന്നിയാൽ ഭക്ഷ്യ സുരക്ഷാ പരാതി ടോൾ ഫ്രീ നമ്പറായ 1800 425 1125 ൽ വിവരം അറിയിക്കണം. വിപണിയിലെ വെളിച്ചെണ്ണയുടെ സുരക്ഷിതത്വം ഉറപ്പുവരുത്താൻ നിർമ്മാതാക്കളും കച്ചവടക്കാരും ശ്രദ്ധിക്കണം. പരിശോധനകൾ തുടരുമെന്നും നിയമവിരുദ്ധമായ വിൽപന ശ്രദ്ധയിൽപ്പെട്ടാൽ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമപ്രകാരം നടപടികൾ സ്വീകരിക്കുന്നതാണ്.

# നീറ്റ് ഫലം ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള അവസരം

കേരളത്തിലെ എം.ബി.ബി.എസ്, ബി.ഡി.എസ്, ആയുർവ്വേദം, ഹോമിയോപ്പതി, സിദ്ധ, യുനാനി എന്നീ മെഡിക്കൽ കോഴ്സുകൾക്കും അഗ്രികൾച്ചർ, ഫോറസ്ട്രി, ബിഎസ്സി (ഓണേഴ്സ്) കോ-ഓപ്പറേഷൻ & ബാങ്കിംഗ്/ ബിഎസ്സി (ഓണേഴ്സ്) അഗ്രി ബിസിനസ് മാനേജ്മെന്റ്, ബിഎസ്സി (ഓണേഴ്സ്) കാലാവസ്ഥാ വ്യതിയാനം & പരിസ്ഥിതി ശാസ്ത്രം, ബി.ടെക് ബയോടെക് ഫിഷറീസ് എന്നീ അനുബന്ധ കോഴ്സുകളിലേയ്ക്കും പ്രവേശനത്തിനായുള്ള സംസ്ഥാന പരീക്ഷാ ലിസ്റ്റുകൾ തയ്യാറാക്കുന്നതിലേക്ക് വിദ്യാർത്ഥികൾ അവരുടെ (യു.ജി.) 2025 ഫലം പ്രവേശന പരീക്ഷാ കമ്മീഷണർക്ക് സമർപ്പിക്കണം.

സംസ്ഥാനത്തെ മെഡിക്കൽ/മെഡിക്കൽ അനുബന്ധ കോഴ്സുകളിൽ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് KEAM 2025 ലൂടെ ഓൺലൈൻ അപേക്ഷകൾ സമർപ്പിക്കുകയും, ചഠഅ നടത്തിയ നീറ്റ് (യു. ജി) - 2025 പരീക്ഷയിൽ നിശ്ചിത യോഗ്യത നേടുകയും ചെയ്ത വിദ്യാർത്ഥികൾക്ക് അവരുടെ നീറ്റ് (യു. ജി) – 2025 ഫലം പ്രവേശന പരീക്ഷാ കമ്മീഷണർക്ക് സമർപ്പിക്കുന്നതിന് ജൂലൈ 21 11.59 ജങ വരെ പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ സൗകര്യമുണ്ട്. നിശ്ചിത സമയത്തിനകം നീറ്റ് പരീക്ഷാ ഫലം പ്രവേശന പരീക്ഷാ കമ്മീഷണർക്ക് സമർപ്പിക്കാത്ത അപേക്ഷകരെ 2025 ലെ മെഡിക്കൽ/മെഡിക്കൽ അനുബന്ധ കോഴ്സുകളിലേക്കുള്ള പരീക്ഷാ ലിസ്റ്റുകളിൽ ഉൾപ്പെടുത്തുന്നതല്ല. തപാൽ വഴിയോ, നേരിട്ടോ സമർപ്പിക്കുന്ന രേഖകളോ, അപേക്ഷകളോ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല. കൂടുതൽ വിവരങ്ങൾക്ക് വെബ്സൈറ്റിലെ പ്രോസ്പെക്ടസും വിശദമായ വിജ്ഞാപനവും കാണുക. ഫോൺ: 0471-2332120, 0471-2338487.

## സ്പോട്ട് അഡ്മിഷൻ

ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം സെന്ററിൽ 2025-26 അധ്യയന വർഷത്തെ ഒരു വർഷം ദൈർഘ്യമുള്ള ഹോട്ടൽ മാനേജ്മെന്റ് കോഴ്സുകളായ ഫ്രണ്ട് ഓഫീസ് ഓപ്പറേഷൻ / ഫുഡ് ആന്റ് ബിവറേജ് സർവീസ് കോഴ്സുകളിലേക്ക് ഏതാനും സീറ്റുകൾ ഒഴിവുണ്ട്.

എസ്.എസ്.എൽ.സി./ പ്ലസ്ടു/ റ്റി.സി. എന്നിവയുടെ അസൽ സർട്ടിഫിക്കറ്റുകളുമായി ഓഫീസിൽ നേരിട്ടെത്തി അഡ്മിഷൻ നേടാം. കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുക. അടിസ്ഥാന യോഗ്യത പ്ലസ്ടു/ തത്തുല്യം / ഡിഗ്രി. ഫോൺ: 0471-2728340, 8075319643, 7561882783, 8075899870.

## ഹജ്ജ് 2026 – സ്പെഷ്യൽ ഓൺലൈൻ അപേക്ഷ രജിസ്ട്രേഷൻ ക്യാമ്പ്

ആൺ തുണയില്ലാതെ വിതൗട്ട് മെഹറം വിഭാഗത്തിൽ 2026ലെ ഹജ്ജിന് അപേക്ഷിക്കാൻ താല്പര്യമുള്ള തിരുവനന്തപുരം ജില്ലയിലെ വനിതകൾക്ക് മാത്രമായി ഒരു ഏകദിന ഓൺലൈൻ ഹജ്ജ് അപേക്ഷ രജിസ്ട്രേഷൻ ക്യാമ്പ് ചുള്ളിമാനൂരിൽ സംഘടിപ്പിക്കും.45 വയസ്സിനും 65 വയസ്സിനും ഇടയിൽ പ്രായമുള്ള സ്ത്രീകൾ താഴെ പറയുന്ന രേഖകളുമായി ജൂലൈ 20 ഞായറാഴ്ച രാവിലെ 9 മണിക്ക് ചുള്ളിമാനൂർ ഉദയാഗ്രന്ഥശാലാ ഹാളിൽ എത്തണം. ഒറിജിനൽ പാസ്പോർട്ട്, പാസ്പോർട്ട് സൈസ് ഫോട്ടോ, ബാങ്ക് പാസ്ബുക്ക് എന്നിവ കരുതണം. വിശദവിവരങ്ങൾക്ക്:- 9895648856 / 9656868675.

# കേരള വനിതാ കമ്മിഷൻ: ഗവേഷണ പഠനങ്ങൾക്ക് അപേക്ഷ ക്ഷണിച്ചു

കേരള വനിതാ കമ്മീഷൻ 2025 – 26 സാമ്പത്തിക വർഷത്തെ മേജർ / മൈനർ ഗവേഷണ പഠനങ്ങൾക്ക് അപേക്ഷ ക്ഷണിച്ചു. ഗവേഷണ പഠനങ്ങൾ നടത്തി മുൻ പരിചയമുള്ള വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും പ്രൊപ്പോസലുകൾ സമർപ്പിക്കാം. ഗവേഷണ വിഷയങ്ങൾ, അപേക്ഷകർക്ക് വേണ്ട യോഗ്യത, പ്രൊപ്പോസൽ തയ്യാറാക്കേണ്ട രീതി, നിബന്ധനകൾ തടങ്ങിയ വിശദാംശങ്ങൾ വനിതാ കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്. (www.keralawomenscommission.gov.in). വെബ്സൈറ്റിൽ നൽകിയിരിക്കുന്ന മാർഗനിർദേശങ്ങൾ പ്രകാരം തയ്യാറാക്കിയിട്ടുള്ള പ്രൊപ്പോസലുകൾ മാത്രമേ പരിഗണിക്കുകയുള്ളൂ. പ്രൊപ്പോസലുകൾ ഓഗസ്റ്റ് 6 ന് വൈകുന്നേരം 5 മണിക്കകം വനിതാ കമ്മീഷന്റെ ഓഫീസിൽ ലഭ്യമാക്കേണ്ടതും സോഫ്റ്റ് കോപ്പി keralawomenscommission@yahoo.co.in എന്ന മെയിൽ ഐഡിയിലേക്ക് ഇമെയിൽ ചെയ്യേണ്ടതുമാണ്.

## സ്പോർട്സ് ക്വാട്ടയിൽ സീറ്റൊഴിവ്

കോടിയേരി ബാലകൃഷ്ണൻ സ്മാരക ഗവ.കോളേജ് തലശ്ശേരി, ചൊക്ലിയിൽ ബി.എ ഹിസ്റ്ററി (1) ബി.കോം (1) കോഴ്സുകളിൽ സ്പോർട്സ് ക്വാട്ടയിൽ സീറ്റുകൾ ഒഴിവുണ്ട്. ഫോൺ: 9747822484, 9188900210.

## വർക്കിംഗ് പ്രൊഫഷണൽ ഡിപ്ലോമ പ്രവേശനം

2025-26 അദ്ധ്യയന വർഷത്തിലെ സംസ്ഥാനത്തെ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സർക്കാർ/ എയ്ഡഡ്/സ്വാശ്രയ പോളിടെക്നിക് കോളേജുകളിലെ വർക്കിംഗ് പ്രൊഫഷണൽ ഡിപ്ലോമ പ്രവേശനത്തിനുള്ള സ്ഥാപനാടിസ്ഥാനത്തിലുള്ള സ്പോട്ട് അഡ്മിഷൻ ജൂലൈ 25 മുതൽ 26 വരെ അതാതു സ്ഥാപനങ്ങളിൽ നടത്തും. വിശദ വിവരങ്ങൾ www.polyadmission.org/wp ൽ ലഭ്യമാണ്. അപേക്ഷകർ www.polyadmission.org/wp ൽ പ്രസിദ്ധീകരിച്ചിട്ടുള്ള ഷെഡ്യൂളിൽ പ്രതിപാദിച്ചിരിക്കുന്ന സമയക്രമമനുസരിച്ച് സ്ഥാപനത്തിൽ നേരിട്ട് ഹാജരാകണം. സ്പോട്ട് അഡ്മിഷനിൽ അപേക്ഷകന് ഏത് സ്ഥാപനത്തിലേയും ഏത് ബ്രാഞ്ചുകളിലേയ്ക്കും പുതിയ ഓപ്ഷനുകൾ നൽകാവുന്നതാണ്.

മതിയായ അപേക്ഷകൾ ലഭിച്ചിട്ടില്ലാത്ത സ്ഥാപനങ്ങളിലേയ്ക്ക് നിലവിൽ ഇതുവരെ അപേക്ഷ സമർപ്പിച്ചിട്ടില്ലാത്തവർക്കും ജൂലൈ 17 മുതൽ ഓൺലൈനായോ നേരിട്ട് സ്ഥാപനത്തിൽ ഹാജരായോ ഒഴിവുള്ള സീറ്റുകളിലേയ്ക്ക് അപേക്ഷ സമർപ്പിക്കാം. നിലവിൽ ലഭ്യമായ ഒഴിവുകൾ പോളിടെക്നിക് കോളേജ് അടിസ്ഥാനത്തിൽ www.polyadmission.org/wp se Vacancy Position ലിങ്ക് വഴി മനസ്സിലാക്കാവുന്നതാണ്.

## അപേക്ഷ ക്ഷണിച്ചു

2025-26 സാമ്പത്തിക വർഷത്തിൽ കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് വഴി നടപ്പിലാക്കുന്ന ലോൺ ലിങ്ക്ഡ് സബ്സിഡി സ്കീം പദ്ധതിയിലേക്ക് അപേക്ഷ ക്ഷണിച്ചു. ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്ന് ഭവനവായ്പ സഹായം എടുത്തിട്ടുള്ള കുറഞ്ഞത് 3 സെന്റ് ഭൂമിയുള്ള, എൽ. ഐ. ജി/ എം.ഐ.ജി 1 വിഭാഗത്തിൽപ്പെട്ടവർക്ക് സ്വന്തമായി വീട് നിർമിക്കുന്നതിനായുള്ള പദ്ധതിയാണിത്. 100 മുതൽ 160 ച.മീ.വരെ വിസ്തീർണ്ണമുള്ള വീടിന്റെ ആകെ നിർമ്മാണ ചെലവിന്റെ 25 ശതമാനം സർക്കാർ സബ്സിഡിയായി കണക്കാക്കുന്ന ഈ പദ്ധതിയിൽ സർക്കാർ സബ്സിഡി 3 ലക്ഷം രൂപയാണ്. അപേക്ഷകൾ www.kshb.kerala.gov.in മുഖേന ജൂലൈ 21 മുതൽ ആഗസ്റ്റ് 22 വരെ ഓൺലൈനായി സ്വീകരിക്കും.

# ഗവണ്മെന്റ് കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ട് സ്പോട്ട് അഡ്മിഷൻ

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള ഗവ. കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടുകളിൽ നടത്തപ്പെടുന്ന രണ്ടു വർഷത്തെ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ ആൻഡ് സെക്രട്ടേറിയൽ പ്രാക്ടീസ് ഡിപ്ലോമ പ്രോഗ്രാമിലേക്ക് 2025-26 അദ്ധ്യയന വർഷത്തിൽ ഒഴിവുള്ള സീറ്റുകളിലേയ്ക്കുള്ള സ്പോട്ട് അഡ്മിഷൻ ജൂലൈ 22 മുതൽ 26 വരെ അതാതു സ്ഥാപനങ്ങളിൽ നടത്തും. അപേക്ഷകർ www.polyadmission.org/gci വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ഷെഡ്യൂളിൽ പ്രതിപാദിച്ചിരിക്കുന്ന സമയക്രമമനുസരിച്ച് സ്ഥാപനത്തിൽ നേരിട്ട് ഹാജരാകണം.

ഒഴിവുകൾ നികത്തുന്നതിനായി നിലവിലെ റാങ്ക് ലിസ്റ്റിലെ അപേക്ഷകരുടെ അഭാവത്തിൽ നിലവിൽ അപേക്ഷ സമർപ്പിച്ചിട്ടില്ലാത്തവർക്കും ജൂലൈ 17 മുതൽ പുതുതായി അപേക്ഷ സമർപ്പിക്കാം. പുതുതായി അപേക്ഷ സമർപ്പിക്കുവാൻ ആഗ്രഹിക്കുന്നവർ സ്ഥാപനത്തിൽ നേരിട്ട് ഹാജരായോ, അല്ലെങ്കിൽ www.polyadmission.org/gci എന്ന അഡ്മിഷൻ പോർട്ടലിലെ ഹോം പേജിൽ ലഭ്യമായിട്ടുള്ള One Time Registration എന്ന ലിങ്ക് വഴി രജിസ്ട്രേഷൻ പൂർത്തിയാക്കി ഓൺലൈനായി ഫീസ് അടച്ചതിനു ശേഷം ലഭിക്കുന്ന രജിസ്ട്രേഷൻ നമ്പർ ഉപയോഗിച്ച് ഇമിറശ റമലേ ഹീഴശി ഹശിസ വഴി അപേക്ഷ സമർപ്പിക്കാവുന്നതാണ്. നിലവിലുള്ള റാങ്ക് ലിസ്റ്റിലേക്ക് പുതുതായി ലഭിക്കുന്ന അപേക്ഷകൾ കൂടി ഉൾപ്പെടുത്തി പ്രവേശന നടപടികൾ പൂർത്തീകരിക്കുന്നതാണ്. നിലവിൽ അഡ്മിഷൻ ലഭിച്ചവരിൽ സ്ഥാപന മാറ്റം ആഗ്രഹിക്കുന്നവർക്കും, പുതിയതായി അഡ്മിഷൻ നേടാൻ ആഗ്രഹിക്കുന്നവർക്കും സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കാവുന്നതാണ്. നിലവിൽ ഗവ. കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടുകളിൽ അഡ്മിഷൻ ലഭിച്ചിട്ടുള്ള അപേക്ഷകനാണെങ്കിൽ അഡ്മിഷൻ സ്ലിപ്പോ, ഫീസ് അടച്ച രസീതോ ഹാജരാക്കിയാൽ മതിയാകും.

# കടമ്മനിട്ടയിൽ സ്കൂൾ കെട്ടിടം തകർന്നു; പൊളിഞ്ഞുവീണത് ഉപയോഗ്യശൂന്യമായ കെട്ടിടം

പത്തനംതിട്ട: പത്തനംതിട്ടയിൽ സ്കൂൾ കെട്ടിടം തകർന്നുവീണ് അപകടം. വ്യാഴാഴ്ച രാത്രിയാണ് സംഭവം. കടമ്മനിട്ട ഗവൺമെൻറ് ഹയർ സെക്കൻഡറി സ്കൂളിന്റെ പഴയ കെട്ടിടഭാഗങ്ങളാണ് തകർന്നത്. രണ്ടുവർഷമായി ഈ കെട്ടിട ഭാഗങ്ങൾ ഉപയോഗിച്ചിരുന്നില്ല. അപകടസാധ്യത കണക്കിലെടുത്ത് കെട്ടിടത്തിന് പരിസരത്തേക്കുള്ള വഴി നേരത്തെ അടച്ചിരുന്നു. അപകടത്തിൽ ആളപായമില്ല.